കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

# വാർഷിക റിപ്പോർട്ട്

## 2017-2018

# കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

## വാർഷിക റിപ്പോർട്ട് 2017-2018

### 1. ആമുഖം

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (കമ്മീഷൻസ് ഫോർ ദ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്റ്റ് - സി.പി.സി.ആർ ആക്റ്റ്) പ്രകാരം രൂപവത്ക്കരിക്കപ്പെട്ട കേരള സംസ്ഥാന ബാലാവ കാശസംരക്ഷണ കമ്മീഷൻ 2013 ജൂൺ മൂന്നിനാണ് പ്രവർത്തനം ആരംഭിച്ചത്. കമ്മീഷന്റെ നാലാമത്തെ വാർഷിക റിപ്പോർട്ടാണിത്.

മേൽപ്പറഞ്ഞ കേന്ദ്രനിയമത്തിലെ 13-ാം വകുപ്പ്, 2012-ലെ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 17 എന്നിവയിലാണ് കമ്മീഷന്റെ കർത്തവ്യങ്ങളും ചുമതലകളും നിഷ്കർഷിച്ചിട്ടുള്ളത്. ഇവയ്ക്കനുസൃത മായ രീതിയിൽ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ടുപോയതിനോ ടൊപ്പം 2016-2017 വർഷത്തിലേയ്ക്ക് കമ്മീഷൻ തയ്യാറാക്കിയ നടപടി രൂപരേഖയ്ക്ക് അനുസൃതമായ പരിപാടികളും റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ ആസൂത്രണം ചെയ്ത് നടപ്പാക്കുകയുണ്ടായി.

പ്രസ്തുത നിയമവ്യവസ്ഥകൾ പ്രകാരം ബാലാവകാശങ്ങൾ സംരക്ഷിക്കുന്ന തിനുവേണ്ടി തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമങ്ങളിലോ അതിൻകീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുന:പരിശോധിക്കുകയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുന്നതിനുപുറമെ ബാലാവകാശലംഘനം സംബന്ധിച്ച പരാ തികൾ അന്വേഷണവിചാരണ ചെയ്ത് നടപടികൾ തുടങ്ങുന്നതിന് ശുപാർശ ചെയ്യു ന്നതും കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യമാണ്. ഇത്തരം കാര്യങ്ങളുടെ നിർവ്വഹണത്തിനായി കമ്മീഷനിൽ പരാതിപരിഹാരവിഭാഗം പ്രവർത്തിക്കുന്നുണ്ട്. കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ടവരിൽനിന്ന് റിപ്പോർട്ട് തേടുകയും ഓരോ കേസിലെയും വിഭിന്നങ്ങളായ തെളിവുകളും സാഹചര്യങ്ങളും അപഗ്രഥിച്ചും

വിലയിരുത്തിയും തീർപ്പുകല്പ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിനും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾക്കും ശുപാർശകൾ നൽകുകയും ചെയ്യുന്ന സമ്പ്രദായമാണ് പരാതികളുമായി ബന്ധപ്പെട്ട് കമ്മീഷൻ അവലംബിക്കുന്നത്.

കുട്ടികളുമായുള്ള സംവാദം, ജില്ലകളിലെ വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതിപ്പങ്കാളികൾ (stakeholders), സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ എന്നിവരുമായി ബാലാവകാശസംരക്ഷണം സംബന്ധിച്ച തുടർച്ചയായ ചർച്ചകൾ എന്നിവയ്ക്കു പുറമേ കമ്മീഷൻ നടത്തിയ കൂടിയാലോചനായോഗങ്ങൾ, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവയിൽ സുപ്രധാനമായവ ചുവടെ പറയുന്നു.

കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ അടിസ്ഥാനമാക്കി വിവിധ തലത്തിലുള്ള പദ്ധതിപ്പങ്കാളികളുമായി കമ്മീഷൻ കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികൾ നേരിടുന്ന അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും കുട്ടികളുടെ സുരക്ഷയുമൊക്കെ കമ്മീഷൻ ചർച്ച ചെയ്ത വിഷയങ്ങളാണ്. ദുരിതം അനുഭവിക്കുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരും പ്രതികൂലാവസ്ഥയിൽ ജീവിക്കുന്നവരുമായ കുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ച് കമ്മീഷൻ ആഴത്തിൽ പഠിക്കുകയും സർക്കാരിന് ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിക്റ്റിം കോമ്പൻസേഷൻ സ്കീം, ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ, എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികളുടെ പ്രശ്നങ്ങൾ, പ്രത്യേകശ്രദ്ധയും സുരക്ഷയും ആവശ്യമുള്ള കുട്ടികളുടെ വിഷയങ്ങൾ എന്നിവ അടിസ്ഥാനമാക്കി സർക്കാരിന് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടുകൾ അവയിൽ ചിലതാണ്. കഴിഞ്ഞ വർഷം സമാനവിഷയങ്ങളിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിഗണനയ്ക്കായി കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് 2009 (ആർ.റ്റി.ഇ. ആക്റ്റ്), ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 എന്നീ കേന്ദ്ര നിയമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ചുമതലയും കമ്മീഷനുണ്ട്.

കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ പൊതുജനങ്ങളിലേയ്ക്കും വിവിധ പദ്ധതിപ്പങ്കാളികളിലേയ്ക്കും സമഗ്രമായി എത്തിക്കുന്നതിനായി വെബ്സൈറ്റ് നിലവിലുണ്ട്. 2016-ലെ ബാലാവകാശവാരാഘോഷത്തോടനുബന്ധിച്ച് കമ്മീഷന്റെ മലയാളം വെബ്സൈറ്റും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അതോടൊപ്പം

തന്നെ, ഫേസ്ബുക്ക്, ടിറ്റർ മുതലായ സാമൂഹ്യമാധ്യമങ്ങളിലും കമ്മീഷൻ സാന്നിധ്യം അറിയിച്ചുതുടങ്ങി. പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിനും പരാതി സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിക്കുന്നതിനുമായി ആരംഭിച്ച ഓൺലൈൻ പരാതി സമർപ്പണ സംവിധാനത്തിനും വൻ സ്വീകാര്യതയാണ് പൊതുസമൂഹത്തിൽനിന്ന് ലഭിച്ചത്.

## 2. <u>കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും</u>

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (സി.പി.സി.ആർ. ആക്റ്റ്), സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് 2009 (ആർ.റ്റി.ഇ. ആക്റ്റ്), കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 എന്നിവ പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളുമാണ് കമ്മീഷനുള്ളത്.

2005-ലെ സി.പി.സി.ആർ. ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരം ചുവടെ പറയുന്നവ കമ്മീഷന്റെ ചുമതലകളാണ്.

- ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമങ്ങളിലോ അതിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുന:പരിശോധിക്കുകയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക.
- കമ്മീഷന് യുക്തമെന്ന് തോന്നുന്നപക്ഷം വാർഷികമായും അല്ലാതെയും ഇത്തരം സുരക്ഷാ ഏർപ്പാടുകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുക.
- ബാലാവകാശലംഘനവുമായി ബന്ധപ്പെട്ട കേസുകളിൽ അന്വേഷണ വിചാരണ ചെയ്ത് നടപടികൾ തുടങ്ങുന്നതിന് ശുപാർശ ചെയ്യുക.
- ഭീകരപ്രവർത്തനം, വർഗ്ഗീയകലാപം, ലഹള, പ്രകൃതിദുരന്തം, ഗാർഹിക പീഡനം, എച്ച്.ഐ.വി/എയ്ഡ്സ്, മനുഷ്യക്കടത്ത്, പീഡനം, ഭേദ്യം ചെയ്യലും ചൂഷണവും, അശ്ലീലസാഹിത്യം, ലൈംഗികചൂഷണം എന്നിവ മൂലം ബുദ്ധിമുട്ടുന്ന കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന എല്ലാ ഘടകങ്ങളും പരിശോധിക്കുകയും ഉചിതമായ പരിഹാരങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക.
- ദുരിതം അനുഭവിക്കുന്നതും പാർശ്വവത്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതും പക്വതയില്ലാത്തതും കുടുംബമില്ലാത്തതും തടവുകാരുടേത് ഉൾപ്പെടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും

ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക.

- സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങളിന്മേൽ നിലവിലുള്ള നയങ്ങളുടെയും കാര്യപരിപാടികളുടെയും മറ്റ് പ്രവർത്തനങ്ങളുടെയും ആനുകാലിക പുന:പരിശോധന ഏറ്റെടുക്കുകയും കുട്ടികളുടെ ഉത്തമ താല്പര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനു വേണ്ട ശുപാർശകൾ നടത്തുകയും ചെയ്യുക.
- ബാലാവകാശമേഖലയിൽ ഗവേഷണം നടത്തുകയും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, ലഭ്യമായ മറ്റ് മാർഗ്ഗങ്ങൾ എന്നിവയിലൂടെ ബാലാവകാശങ്ങളുടെ സംരക്ഷണത്തിന് നിലവിലുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- സാമൂഹ്യസംഘടനകൾ ഉൾപ്പെടെയുള്ളവർ നടത്തുന്ന ബാലസംരക്ഷണ മന്ദിരമോ മറ്റ് താമസസ്ഥലമോ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളോ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യുകയും ആവശ്യമാണെന്നു കാണുന്നപക്ഷം ഈ അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടി സ്വീകരിക്കുകയും ചെയ്യുക.
- ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘനവും കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പാക്കാതിരിക്കലും കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശകരേഖകളോ നിർദ്ദേശങ്ങളോ നടപ്പാക്കാതിരിക്കലും കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തലും അങ്ങനെയുള്ള കുട്ടികൾക്ക് ആശ്വാസം നൽകലും എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണ വിചാരണ നടത്തുകയും സ്വമേധയാ പരിഗണനയ്ക്ക് എടുക്കുകയും ചെയ്യുക.

## 2.1 <u>ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ 15-ാം വകുപ്പു പ്രകാരം അന്വേഷണ വിചാരണയ്ക്കുശേഷം ചുവടെപ്പറയുന്ന നടപടികൾക്ക് കമ്മീഷന് അധികാരമുണ്ട്.</u>

- ബാലാവകാശത്തിന്മേൽ ഗൗരവതരമായ ലംഘനമോ തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ ലംഘനമോ നടന്നതായി അന്വേഷണവിചാരണയിൽ വെളിപ്പെട്ടാൽ, ബന്ധപ്പെട്ട ആളിനോ ആളുകൾക്കോ

എതിരായി പ്രോസിക്യൂഷൻ നടപടികളോ കമ്മീഷന് ഉചിതമെന്നു തോന്നുന്ന നടപടികളോ ആരംഭിക്കുവാൻ സർക്കാരിനോടോ മറ്റ് അധികാരസ്ഥാന ത്തോടോ ശുപാർശ ചെയ്യുക.

- നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോ വേണ്ടി ബഹുമാനപ്പെട്ട സുപ്രീം കോടതിയെയോ ഹൈക്കോടതിയെയോ സമീപിക്കുക.
- ഇടക്കാല ആശ്വാസം പീഡിതനോ ആ വ്യക്തിയുടെ കുടുംബാംഗങ്ങൾക്കോ നൽകുന്നതിനായി സർക്കാരിനോടോ ബന്ധപ്പെട്ട അധികാരസ്ഥാനത്തോടോ ശുപാർശ ചെയ്യുക.

## 2.2 സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ. ആക്റ്റ്) പ്രകാരമുള്ള, അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും

ആർ.റ്റി.ഇ.ആക്റ്റിലെ 31-ാം വകുപ്പു പ്രകാരം, പ്രസ്തുത ആക്റ്റിലെ 2 (സി) വകുപ്പിൽ നിർവ്വചിക്കുന്ന പ്രകാരമുള്ള ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

ഇതുപ്രകാരം, വിദ്യാഭ്യാസ അവകാശത്തിനുള്ള സുരക്ഷാ ഏർപ്പാടുകൾ പരി ശോധിക്കുകയും പുന:പരിശോധിക്കുകയും ചെയ്യുന്നതിനും അവ ഫലപ്രദമായി നട പ്പിൽ വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുന്നതിനും കുട്ടിയുടെ സൗജ ന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശവുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷണ വിചാരണ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ട്. ഈ നിയമത്തിലെ 32(4) വകുപ്പ് പ്രകാരം കമ്മീഷൻ പ്രസ്തുത നിയമത്തിൻകീഴിലുള്ള അപ്പീൽ അധികാര സ്ഥാനം കൂടിയാണ്. കൂടാതെ, വിദ്യാഭ്യാസ അവകാശ നിരീക്ഷണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കമ്മീഷന് ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ എല്ലാ അധികാരങ്ങളും വിനിയോഗിക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## 2.3 കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്) പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും

കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്)-ലെ 44-ാം വകുപ്പ് പ്രകാരം പോക്സോ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതുപ്രകാരം, ചുവടെ പറയുന്ന കാര്യങ്ങൾ കമ്മീഷൻ നിരീക്ഷി ക്കുന്നതാണ്.

- പോക്സോ ആക്റ്റ് പ്രകാരമുള്ള കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്നത്;
- ടി കോടതികളിൽ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെ സംസ്ഥാന സർക്കാർ നിയമിക്കുന്ന കാര്യം;
- വിചാരണഘട്ടത്തിലും വിചാരണയ്ക്കുമുമ്പും കുട്ടിയെ സഹായിക്കുന്നതിനായി സർക്കാരിതര സംഘടനകൾക്കും മന:ശാസ്ത്രം, സാമൂഹ്യസേവനം, മാനസിക ശാരീരിക ആരോഗ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിദഗ്ദ്ധർക്കും വ്യക്തി കൾക്കുമായി പോക്സോ നിയമത്തിലെ 39-ാം വകുപ്പു പ്രകാരം മാർഗ്ഗനിർദ്ദേശ ങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതും അത്തരം മാർഗ്ഗനിർദ്ദേശങ്ങളുടെ നടപ്പാ ക്കലും;
- പോലീസ് ഉദ്യോഗസ്ഥർക്കും മറ്റു സർക്കാർ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗരൂപരേഖകൾ തയ്യാറാക്കുന്നതും അവ നടപ്പാക്കു ന്നതും;
- കൂടാതെ പോക്സോ നിയമത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച അറിവ് പൊതു ജനങ്ങൾ, കുട്ടികൾ, രക്ഷാകർത്താക്കൾ തുടങ്ങിയവർക്കെല്ലാം ഇലക്ട്രോണിക് മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ നിശ്ചിത ഇടവേളകളിൽ ലഭ്യമാ ക്കുന്നതിനായി സംസ്ഥാന സർക്കാരിനെ സഹായിക്കുന്നതും ലൈംഗികാതിക്ര മങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിക്കുന്നതും.

## 2.4. ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലെ 104-ാം വകുപ്പു പ്രകാരം പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് നിരീക്ഷി ക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനാണ്. 2016 ജനുവരിയിലാണ് ടി നിയമം പ്രാബല്യത്തിൽ വന്നത്. ഈ നിയമവുമായി ബന്ധപ്പെട്ട മാതൃകാചട്ടങ്ങൾ ദേശീയതലത്തിൽ നിലവിൽ വന്നു. എന്നാൽ, മേൽപ്രകാരമുള്ള ചട്ട ങ്ങൾ സംസ്ഥാനതലത്തിൽ പുറപ്പെടുവിക്കപ്പെട്ടിട്ടില്ല.

പ്രസ്തുത നിയമത്തിലെ 109-ാം വകുപ്പ് പ്രകാരം സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങ ളാൽ നിർദ്ദേശിക്കപ്പെടുന്ന പ്രകാരമാണ് കമ്മീഷൻ പ്രസ്തുത നിരീക്ഷണകർത്തവ്യം നിർവ്വഹിക്കേണ്ടത്. ധാരാളം പദ്ധതിപ്പങ്കാളികൾ ഉൾപ്പെടുന്നതാണ് ബാലനീതി നിയമത്തിന്റെ നിരീക്ഷണസംവിധാനം. സംവിധാനം കമ്മീഷനിൽ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## 3. ബാലാവകാശസംരക്ഷണത്തിന്റെ പ്രസക്തി കേരളത്തിൽ

2011-ലെ കാനേഷുമാരി പ്രകാരം കേരളത്തിൽ 99,32,755 കുട്ടികളുണ്ട്. ഇതിൽ 50,60,037 ആൺകുട്ടികളും 48,72,718 പെൺകുട്ടികളും ഉൾപ്പെടുന്നു. കുട്ടികളുടെ ആകെ എണ്ണം കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 29.73% ആണ്. ആകെയുള്ള 99,32,755 കുട്ടികളിൽ 8,50,824 കുട്ടികൾ പട്ടികജാതിയിലും 1,58,711 കുട്ടികൾ പട്ടികവർഗ്ഗത്തിലും ഉൾപ്പെടുന്നു.

0-6 വിഭാഗത്തിലെ ആകെ കുട്ടികളിൽ ആൺ-പെൺ എണ്ണവും അനുപാതവും ചുവടെ പറയും പ്രകാരമാണ്.

| 0-6 വിഭാഗത്തിലെ ആകെ കുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികൾ | 0-6 വിഭാഗത്തിലെ ആൺ-പെൺ അനുപാതം |
|---|---|---|---|
| 33,22,247 | 16,95,935 | 16,26,312 | 1000- 964 |

കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം മുതലായ മേഖലകളിൽ അസൂയാവഹമായ നേട്ടമാണ് നമ്മുടെ സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. എങ്കിലും ചില മേഖലകളിൽ നമുക്ക് ഇനിയും ഏറെ ദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. ബാലാവകാശവുമായി ബന്ധപ്പെട്ട ചില മേഖലകളിൽ ഇപ്പോഴും ദുർബ്ബലാവസ്ഥ നിലനിൽക്കുന്നു. പ്രതിരോധമരുന്നുകളുടെ കുത്തിവെപ്പുമായി ബന്ധപ്പെട്ട് ചില ജില്ലകളിൽ നിന്നുയരുന്ന എതിർസ്വരങ്ങൾ ഉദാഹരണമാണ്. തൃശ്ശൂർ ജില്ലയിൽ ആൺ-പെൺ അനുപാതത്തിൽ വന്ന കുറവ്, ഗോത്രമേഖലയിലെയും തീരപ്രദേശത്തെയും സ്കൂളുകളിൽനിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് എന്നിവയൊക്കെ നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളാണ്. സ്കൂളിൽനിന്ന് കൊഴിഞ്ഞുപോകുന്ന ഇത്തരം കുട്ടികൾ പിന്നീട് ലൈംഗികപീഡനത്തിനും മയക്കുമരുന്നുകളുടെ ഉപയോഗത്തിനും വ്യാപനത്തിനും ഇരകളായിത്തീരുന്നു. ഇവ ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് പരിഹരിക്കാൻ നമുക്ക് കഴിയണം.

നമുക്ക് ഓരോ കുട്ടിയും വിലപ്പെട്ടതാണ്. ഇന്ന് കുടുംബത്തിൽ നിന്നു മാത്രമല്ല, ചുറ്റുപാടുമുള്ള സമൂഹത്തിൽനിന്നും കുട്ടികൾ ഭീഷണി നേരിടുന്നുവെന്നതാണ് യാഥാർഥ്യം. ഒരു കുട്ടിയെ ഉത്തരവാദിത്തമുള്ള പൗരനായി വളർത്തിയെടുക്കുന്നതിൽ സമൂഹത്തിനും മാതാപിതാക്കൾക്കും വളരെ വലിയ പങ്കാണ് വഹിക്കാനുള്ളത്. നല്ല നാളേയ്ക്കായി പ്രതീക്ഷാനിർഭരമായ മനസ്സുമായി കാത്തിരിക്കുന്ന നാം യഥാർഥത്തിൽ ആരംഭിക്കേണ്ടത് കുട്ടികളിൽ നിന്നാണ്. കുട്ടികളായിരിക്കുമ്പോൾതന്നെ അവർക്ക് മൂല്യങ്ങൾ പകർന്നുകൊടുക്കാൻ മാതാപിതാക്കൾക്ക് കഴിയണം. അവരുടെ ക്ഷേമവും

സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് നമുക്ക് വ്യക്തിപരമായ ഉത്തരവാദിത്തം ഉണ്ട്. എന്നാൽ, കുട്ടികൾക്ക് ഇന്ന് സ്വന്തം കുടുംബത്തിൽനിന്നുപോലും പീഡനങ്ങളും ലൈംഗികചൂഷണവും നേരിടേണ്ടിവരുന്ന ദയനീയാവസ്ഥയാണ് പലയിടത്തും നിലനിൽക്കുന്നത്. പെൺകുട്ടികൾ മാത്രമല്ല, ആൺകുട്ടികൾ പോലും വീട്ടിനുള്ളിൽ ലൈംഗികപീഡനത്തിന് ഇരയാകുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ വന്ന വിള്ളലുകൾ ഇവയ്ക്ക് കാരണമാകാം. സാങ്കേതികവിദ്യയുടെ കടന്നുകയറ്റം മൂലം കുട്ടികളും മുതിർന്നവരും തങ്ങളിലേയ്ക്കുതന്നെ ചുരുങ്ങുന്നതിനാൽ കുടുംബത്തിനുള്ളിൽ മനസ്സ് തുറന്നു സംസാരിക്കാൻ കഴിയാതെ വരുന്ന അവസ്ഥയും ഇത്തരം പ്രശ്നങ്ങളിലേയ്ക്കു നയിക്കപ്പെടുന്നു.

കുട്ടികൾ നേരിടുന്ന ലൈംഗികപീഡനമാണ് നമ്മുടെ സമൂഹം നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളി. കുട്ടികൾക്കെതിരായ അതിക്രമങ്ങളെക്കുറിച്ചും അവയ്ക്കെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചുമുള്ള ബോധവൽക്കരണം ഇപ്പോൾ ഏറെ നടക്കുന്നതിനാൽ ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതും കൂടിയിട്ടുണ്ട്. എന്നാൽ, ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ അത് പൊതുസമൂഹത്തിൽനിന്ന് മറച്ചുവെയ്ക്കുന്നതിനും പരാതികൾ ഒത്തുതീർപ്പാക്കുന്നതിനുമുള്ള ശ്രമങ്ങൾ പലപ്പോഴും നടക്കുന്നുണ്ട്. ഇത് ബാലാവകാശങ്ങളുടെ ലംഘനം ആണെന്നു മാത്രമല്ല, പോക്സോ നിയമത്തിന്റെ അന്തഃസ്സത്തയ്ക്ക് എതിരുമാണ്. പീഡനം നടന്നാൽ അതുസംബന്ധിച്ച് അറിവുള്ള ഏതൊരു വ്യക്തിയും അക്കാര്യം ബന്ധപ്പെട്ട അധികാരികളെ അറിയിക്കാത്തതുപോലും ശിക്ഷാർഹമായ കുറ്റമാണെന്ന് കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നീതിന്യായസംവിധാനത്തിന്റെ ലഭ്യത, പീഡനത്തിന് വിധേയരായവരുടെ പുനരധിവാസം എന്നിങ്ങനെ പല കാര്യങ്ങളും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും അവ സഫലീകൃതമാക്കാൻ നമുക്ക് ഏറെ ദൂരം മുന്നോട്ടു പോകേണ്ടതുണ്ട്.

വിദൂരമേഖലകളിലെ കുട്ടികളുടെ പഠനം, അവരുടെ ഭക്ഷണം, പോഷകാഹാരം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്. അതോടൊപ്പംതന്നെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് സ്കൂളുകളിലെ സുരക്ഷ സംബന്ധിച്ച പ്രശ്നങ്ങൾ. സൈബർ മേഖലയിലെ ഓൺലൈൻ സുരക്ഷയും ലഹരിയോടുള്ള കുട്ടികളുടെ ആഭിമുഖ്യവും ഇനിയും ചർച്ച ചെയ്യപ്പെടുകയും പരിഹരിക്കപ്പെടുകയും ചെയ്യേണ്ട പ്രശ്നങ്ങളാണ്.

കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് വെളിവാക്കുന്നതാണ് ഇത്തരം സംഭവങ്ങൾ. അച്ഛനമ്മമാർക്കും മക്കൾക്കുമിടയിലുള്ള ബന്ധം ദൃഢമാക്കുന്നതിലൂടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളും കുട്ടി

അവരുമായി പങ്കുവെയ്ക്കുകയും കുട്ടി അപകടത്തിൽ ചെന്നുചാടുന്നത് അതുവഴി തടയാൻ അച്ഛനമ്മമാർക്ക് കഴിയുകയും ചെയ്യും. അതുകൊണ്ടുതന്നെ, കുടുംബബന്ധങ്ങൾ ദീപ്തവും ഭദ്രവുമാക്കേണ്ടത് കുടുംബത്തിന്റെ കെട്ടുറപ്പിനും നിലനിൽപ്പിനും അത്യാവശ്യമാണ്.

## 4. കമ്മീഷന്റെ ഘടനയും അംഗങ്ങളും

ചെയർപേഴ്സനും ആറ് അംഗങ്ങളും അടങ്ങുന്നതാണ് കമ്മീഷന്റെ ഘടന. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരമാണ് സംസ്ഥാന സർക്കാർ കമ്മീഷൻ രൂപവത്ക്കരിച്ചിട്ടുള്ളത്. പ്രസ്തുത ആക്റ്റിലെയും 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായാണ് ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനം നടത്തുന്നത്. കമ്മീഷനുമായി ബന്ധപ്പെട്ട കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് അംഗങ്ങൾക്ക് ജില്ലകൾ തിരിച്ച് ചുമതല നല്കിയിട്ടുണ്ട്.

കമ്മീഷൻ അംഗങ്ങളായ ശ്രീ. റ്റി.ബി. സുരേഷ്, ശ്രീമതി ശ്രീല മേനോൻ എൻ., ശ്രീമതി ശ്യാമളാദേവി പി.പി., ശ്രീ. എം.പി. ആന്റണി, ശ്രീ. സി.ജെ. ആന്റണി, സിസ്റ്റർ ബിജി ജോസ് സി.എം.സി. എന്നിവർ 02-05-2017 FN-ന് കമ്മീഷനിൽ ചാർജ്ജെടുത്തു. ബഹു. ഹൈക്കോടതിയുടെ 21-07-2017-ലെ WP(C) No.1994/2017 നമ്പർ ഉത്തരവുപ്രകാരം 21-07-2017-ന് ടി കമ്മീഷൻ അംഗങ്ങളെ കമ്മീഷനിൽനിന്നും വിടുതൽ ചെയ്തു. തുടർന്ന് 17-08-2017-ലെ WP(C) No.1994/2017 നമ്പർ ഉത്തരവുപ്രകാരം ശ്രീമതി ശ്രീല മേനോൻ എൻ., ശ്രീ. എം.പി. ആന്റണി, ശ്രീ. സി.ജെ. ആന്റണി, സിസ്റ്റർ ബിജി ജോസ് സി.എം.സി. എന്നിവർ 18-08-2017-ന് കമ്മീഷനിൽ തിരികെ പ്രവേശിച്ചു.

### 4.1 കമ്മീഷന്റെ സെക്രട്ടറിയും മറ്റു ഉദ്യോഗസ്ഥരും

ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 21(1) വകുപ്പ് പ്രകാരം കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനും ദൈനംദിന പ്രവർത്തനത്തിനുമായി സംസ്ഥാന സർക്കാരിന്റെ സെക്രട്ടറിയുടെ പദവിയിലുള്ള ഉദ്യോഗസ്ഥനെ കമ്മീഷന്റെ സെക്രട്ടറിയായി സംസ്ഥാന സർക്കാർ വിജ്ഞാപനം വഴി നിയമിക്കണമെന്നും കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമായ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും കമ്മീഷനിൽ ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബാലാവകാശലംഘനം, നിഷേധം തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഉചിതമായ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ അഡീഷണൽ ലാ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കമ്മീഷൻ രജിസ്ട്രാറായും നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ, കമ്മീഷന്റെ

ദൈനംദിന കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ മറ്റുദ്യോഗസ്ഥർക്കും ജീവനക്കാർക്കും പുറമെ സാങ്കേതികസഹായത്തിനും മറ്റുമായി കൺസൾട്ടന്റുമാരേയും നിയമിച്ചിട്ടുണ്ട്.

## 5. പരാതികളും അന്വേഷണ വിചാരണയും

കമ്മീഷന്റെ പരാതിവിഭാഗം കമ്മീഷന്റെ രജിസ്ട്രാറുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ കമ്മീഷന് 2,512 പരാതികൾ ലഭിച്ചിരുന്നു. മാധ്യമവാർത്തകളുടെയും മറ്റും അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയായും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച കേസുകളിൽ കമ്മീഷൻ ബന്ധപ്പെട്ട അധികാരികളോട് റിപ്പോർട്ട് ആവശ്യപ്പെടുകയും അന്വേഷണ വിചാരണ സംബന്ധിച്ച അധികാരങ്ങൾ വിനിയോഗിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. പരാതികൾ നേരിട്ടും തപാലിലും ഓൺലൈനായുമാണ് കമ്മീഷന് ലഭിക്കുന്നത്. കൂടാതെ, സ്വമേധയായും ജില്ലകളിൽനിന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യു.സി) അയച്ചുതരുന്ന പരാതികളിലും കമ്മീഷൻ നടപടി സ്വീകരിക്കുന്നു. കമ്മീഷൻ ആസ്ഥാനത്തും ജില്ലാ ആസ്ഥാനങ്ങളിലും സിറ്റിംഗുകൾ നടത്താറുണ്ട്. പരാതിക്കാരെയും എതിർകക്ഷികളെയും നേരിൽ കേൾക്കുകയും ഓരോ കേസിലും ലഭ്യമാകുന്ന തെളിവുകൾ അപഗ്രഥിച്ചും വിഭിന്നമായ സാഹചര്യങ്ങൾ കണക്കിലെടുത്തും നീതിയുക്തവും ഉചിതവുമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ആവശ്യമായ ശുപാർശ സർക്കാരിനും ബന്ധപ്പെട്ട അധികാരസ്ഥാനത്തിനും നൽകുകയും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകൾ ആവശ്യപ്പെടുകയും ചെയ്തുവരുന്നു. പരാതികളെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളിൽനിന്ന് റിപ്പോർട്ട് തേടിയും അങ്ങനെ ലഭിക്കുന്ന റിപ്പോർട്ടുകൾ വിശദമായി അപഗ്രഥിച്ചുമാണ് കമ്മീഷൻ ഉത്തരവുകൾ തയ്യാറാക്കുന്നത്. 2017 ഏപ്രിൽ ഒന്നുമുതൽ 2018 മാർച്ച് 31 വരെ ലഭിച്ച 2,422 പരാതികളിൽ 1,138 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. 2014-2015 വർഷം ലഭിച്ചതും റിപ്പോർട്ട് വർഷം തീർപ്പാക്കിയതുമായ 2 കേസുകളും 2015-2016 വർഷം ലഭിച്ചതും റിപ്പോർട്ട് വർഷം തീർപ്പാക്കിയതുമായ 37 കേസുകളും 2016-2017 വർഷം ലഭിച്ചതും റിപ്പോർട്ട് വർഷം തീർപ്പാക്കിയതുമായ 618 കേസുകളും കൂടി ചേർക്കുമ്പോൾ റിപ്പോർട്ട് വർഷം (2017-2018) തീർപ്പാക്കിയ കേസുകളുടെ ആകെ എണ്ണം 1795 ആണ്.

ഈ കേസുകളിലായി പലവിധ ലംഘനങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. അവയിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ, ബാലനീതി നിയമത്തിനു കീഴിൽ വരുന്ന കുറ്റകൃത്യങ്ങൾ, വിദ്യാഭ്യാസ അവകാശനിഷേധം, ബാലാവകാശ ലംഘനം എന്നിവയുമായി ബന്ധപ്പെട്ട പരാതികളാണ് കമ്മീഷൻ പരിഗണിക്കുന്നത്. കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് (പോക്സോ ആക്റ്റ്) പ്രകാരവും ബാലനീതി നിയമപ്രകാരവുമുള്ള

കേസുകളിൽ കമ്മീഷന് നേരിട്ട് പരാതികൾ ലഭിക്കുന്നത് കുറവാണ്. ഇത്തരം കേസുകളിൽ പ്രാഥമിക നടപടി സ്വീകരിക്കേണ്ടത് പോലീസും കുട്ടികൾക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും ഉറപ്പാക്കേണ്ടത് ചൈൽഡ് വെൽഫെയർ കമ്മിറ്റികളുമാണ്. പോലീസ് യഥാസമയം നടപടി സ്വീകരിക്കാതിരിക്കുകയോ കുട്ടിക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും ലഭിക്കാതിരിക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ അത്തരം പരാതികൾ കമ്മീഷൻ മുമ്പാകെ നേരിട്ട് ഉന്നയിക്കപ്പെടുകയോ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിക്കുകയോ ചെയ്യാറുണ്ട്. അതുപോലെ, ആറുമുതൽ 14 വരെ വയസ്സ് പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പരാതികൾ മാത്രമേ വിദ്യാഭ്യാസ അവകാശ നിയമത്തിനു കീഴിൽ പരിഗണിക്കുന്നുള്ളൂ. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ബാക്കി എല്ലാ പരാതികളും ബാലാവകാശ ലംഘനത്തിന്റെ ഭാഗമായാണ് പരിഗണിച്ചുവരുന്നത്.

കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ 90 ശതമാനവും ബാലാവകാശ ലംഘനവുമായി ബന്ധപ്പെട്ടവയാണ്. അവയിൽ സ്കൂൾ കലോൽസവം, ഗതാഗത പ്രശ്നങ്ങൾ, ബാലവേല, ശൈശവ വിവാഹം, വന്യമൃഗങ്ങൾ ഉൾപ്പെടെയുള്ള മൃഗങ്ങളുടെ ആക്രമണങ്ങൾ, രോഗപ്രതിരോധം ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ, കൃത്യവിലോപം, ജനന സർട്ടിഫിക്കറ്റ് നൽകാതിരിക്കൽ, ശൈശവദശയിലേതുൾപ്പെടെയുള്ള കുട്ടികളുടെ മരണം, കുടുംബകലഹങ്ങൾ, പാരിസ്ഥിതികപ്രശ്നങ്ങൾ, സാമ്പത്തിക സഹായങ്ങളും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായങ്ങളും ലഭ്യമാക്കാതിരിക്കൽ, ശാരീരികമായ ശിക്ഷ എന്നിവ സംബന്ധിച്ച പരാതികൾ ഉൾപ്പെടുന്നു. ഇതു സംബന്ധിച്ച രേഖാചിത്രം താഴെ കൊടുത്തിരിക്കുന്നു.



## 2017–18 വർഷത്തെ പരാതികൾ സംബന്ധിച്ച വിശദവിവരങ്ങൾ

(2018 മാർച്ച് 31 വരെയുള്ളവ)

2017 ഏപ്രിൽ ഒന്നുമുതൽ 2018 മാർച്ച് 31 വരെ ലഭിച്ച പരാതികളിൽ ആർ.റ്റി.ഇ, പോക്സോ, ബാലനീതി എന്നിവ തരംതിരിച്ചുള്ള കണക്ക്, തീർപ്പാക്കിയ കേസുകളുടെയും അവശേഷിക്കുന്നവയുടെയും വിശദവിവരങ്ങൾ എന്നിവ താഴെ പട്ടികയിൽ ലഭ്യമാക്കിയിരിക്കുന്നു.

| **ജില്ലകളും പരാതികളുടെ എണ്ണവും** | | | | | | **തീർപ്പാക്കിയ പരാതികളുടെ എണ്ണം** | **തീർപ്പാക്കാനുള്ള പരാതികളുടെ എണ്ണം** |
|---|---|---|---|---|---|---|---|
| **ജില്ല** | **ആകെ എണ്ണം** | **ആർ. റ്റി.ഇ** | **പോക്സോ** | **ജെ. ജെ.** | **ബാലാവകാശ ലംഘനം/ നിഷേധം** | | |
| തിരുവനന്തപുരം | 498 | 48 | 30 | 2 | 418 | 208 | 290 |
| കൊല്ലം | 239 | 24 | 29 | 3 | 183 | 75 | 164 |
| പത്തനംതിട്ട | 91 | 16 | 1 | 1 | 73 | 39 | 52 |
| ആലപ്പുഴ | 166 | 23 | 9 | 2 | 132 | 72 | 94 |
| കോട്ടയം | 121 | 14 | 13 | 0 | 94 | 56 | 65 |
| ഇടുക്കി | 90 | 7 | 6 | 0 | 77 | 52 | 38 |
| എറണാകുളം | 191 | 27 | 21 | 3 | 140 | 80 | 111 |
| തൃശ്ശൂർ | 147 | 15 | 7 | 0 | 125 | 43 | 104 |
| പാലക്കാട് | 134 | 17 | 10 | 0 | 107 | 54 | 80 |
| മലപ്പുറം | 207 | 22 | 7 | 0 | 178 | 78 | 129 |
| കോഴിക്കോട് | 247 | 23 | 19 | 0 | 205 | 108 | 139 |
| വയനാട് | 64 | 6 | 6 | 0 | 52 | 35 | 29 |
| കണ്ണൂർ | 121 | 16 | 7 | 1 | 97 | 40 | 81 |
| കാസർകോട് | 106 | 24 | 5 | 0 | 77 | 23 | 83 |
| **ആകെ** | **2422** | **282** | **170** | **12** | **1958** | **963** | **1459** |

കമ്മീഷൻ ആരംഭിച്ച വർഷം മുതലുള്ള പരാതികളുടെ സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദവിവരത്തിന്റെ രേഖാചിത്രം ചുവടെ ചേർക്കുന്നു.




**ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റം**

പരാതികൾ ഓൺലൈനായും രജിസ്റ്റർ ചെയ്യാവുന്നതാണ്. കമ്മീഷന്റെ വെബ്സൈറ്റായ www.kescpcr.kerala.gov.in-ൽ പ്രവേശിച്ചാൽ ഇതിനുള്ള ലിങ്ക് ലഭിക്കുന്നതാണ്. പരാതി നൽകുന്ന ആളുടെയും എതിർകക്ഷികളുടെയും പേരുവിവരം, പരാതിയുടെ സാരാംശം തുടങ്ങിയവ രേഖപ്പെടുത്താനും ഇവിടെ സൗകര്യമുണ്ട്. തുടർപ്രക്രിയകൾ സൂചിപ്പിക്കുന്ന കോളങ്ങളും നിർദ്ദേശങ്ങളും ഈ സംവിധാനത്തിൽ ലഭിക്കുന്നതാണ്. പരാതി ഓൺലൈനായി സമർപ്പിച്ചുകഴിഞ്ഞാലുടൻ പരാതിക്കാരന് രജിസ്ട്രേഷൻ നമ്പർ എസ്.എം.എസ് ആയി ലഭിക്കും. പ്രസ്തുത നമ്പർ ഉപയോഗിച്ച് കേസിന്റെ സി.ആർ.എം.പി. നമ്പരും നിലവിലെ സ്ഥിതിവിവരങ്ങളും പരാതിക്കാരന് അന്വേഷിക്കാവുന്നതാണ്. ഓൺലൈനായി പരാതി സമർപ്പിക്കുന്നവർ പരാതിയുടെ വിശദവിവരം സത്യവാങ്മൂലത്തിന്റെ രൂപത്തിൽ എഴുതി സമർപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഓൺലൈനിൽ പരാതി സമർപ്പിക്കുമ്പോൾ തന്നെ എസ്.എം.എസ് ആയി ലഭിക്കുന്നതാണ്. കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ശുപാർശകളും അപ്പപ്പോൾത്തന്നെ കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്ന പ്രക്രിയ പുരോഗമിക്കുകയാണ്. ഇപ്പോൾ പൂർത്തീകരിച്ച പരാതികളുടെ ഉത്തരവുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## 5.2 റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ സമർപ്പിച്ച ചില പ്രധാന ശുപാർശകളും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരും മറ്റ് അധികാരസ്ഥാനങ്ങളും പുറപ്പെടുവിച്ച ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയുടെ ലഘു വിവരണവും

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയെന്ന ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ നിർവ്വഹിച്ചു വരുന്നത്. അവകാശങ്ങളുടെ ലംഘനം, അവകാശങ്ങൾ നിഷേധിക്കൽ, കുട്ടികളുടെ അവകാശസംരക്ഷണത്തിനായി പദ്ധതികൾ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പാളിച്ചകൾ എന്നിവയും കമ്മീഷൻ പരിശോധിക്കുന്നുണ്ട്.

ഇത്തരം നടപടികളിലൂടെ രണ്ടുതരത്തിലുള്ള ഗുണപരമായ മാറ്റങ്ങളാണ് സമൂഹത്തിന് ലഭിക്കുന്നത്. ഒന്ന് കുട്ടികളെ വ്യക്തിപരമായി ബാധിക്കുന്നതോ അവർക്ക് വ്യക്തിപരമായി നേട്ടം ഉണ്ടാക്കുന്നതോ ആയ നടപടികൾ. അധ്യയനവർഷത്തിന്റെ അവസാനനാളുകളിൽ നിസ്സാരകുറ്റങ്ങൾ ചുമത്തി കുട്ടികളെ സ്കൂളിൽനിന്ന് പുറത്താക്കുന്നതായി കമ്മീഷന് ധാരാളം പരാതികൾ ലഭിച്ചിരുന്നു. കാരണം എന്തുതന്നെയായിരുന്നാലും പഠിക്കാനുള്ള കുട്ടികളുടെ അവകാശം മുടക്കാൻ ആർക്കും അധികാരമില്ലെന്ന നിലപാടാണ് ഇക്കാര്യത്തിൽ കമ്മീഷൻ സ്വീകരിച്ചുവരുന്നത്. വിവിധ സ്ഥാപനങ്ങളുടെ സേവനത്തിന്റെ അപര്യാപ്തത മൂലമോ പ്രവർത്തനത്തിലെ വൈകല്യം മൂലമോ കുട്ടികൾക്ക് മാനസികവ്യഥ ഉണ്ടായാൽ നഷ്ടപരിഹാരം നൽകാൻ സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ പലപ്പോഴും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സമൂഹത്തിന് ആകമാനം ഗുണപ്രദമാകുന്ന തരത്തിലുള്ള കമ്മീഷന്റെ വിധിപ്രസ്താവങ്ങളാണ് രണ്ടാമത്തേത്. മുടി പിന്നിക്കെട്ടുന്നതിന് പെൺകുട്ടികളെ നിർബന്ധിക്കരുതെന്ന കമ്മീഷന്റെ ശുപാർശയും ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ കുട്ടികളിൽനിന്ന് യാതൊരുവിധത്തിലുള്ള പിരിവോ ഫീസോ ഈടാക്കാൻ പാടില്ലെന്ന നിർദ്ദേശവും ബന്ധപ്പെട്ട അധികാരികൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം കേസുകളിൽ ഏറ്റവും പ്രധാനപ്പെട്ട ചിലത് താഴെ വിവരിക്കുന്നു:

| ക്രമ നം. | കേസ് നം. | വിഷയം | സർക്കാർ/ മറ്റ് അധികാര സ്ഥാനം സ്വീകരിച്ച നടപടിയുടെ വിവരം |
|---|---|---|---|
| 1. | *സി.ആർ.എം.പി. നം. 263/05/എൽ.എ.1/2013* | *കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന്റെ രണ്ടാം നിലയിൽ നിന്നും താഴേക്ക് വലിച്ചെറിയപ്പെട്ട 'സുജിത്ത്' എന്ന കുട്ടിക്ക് 25,000/- രൂപ ധനസഹായം അനുവദിക്കണമെന്ന ശുപാർശ* | *12-05-2017-ലെ സ.ഉ.(സാധാ)1341/2017/ആ.കു.വ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.* |

| | | | |
|---|---|---|---|
| 2. | സി.ആർ.എം.പി. നം. 3222/04/എൽ.എ.1/2014 | കേരള സംസ്ഥാന വഖഫ് ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികളെ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിലെ കെയർ ടേക്കർമാർ, മദ്രസാ അധ്യാപകർ ഉൾപ്പെടെയുള്ളവർക്ക് കുട്ടികളുടെ അവകാശങ്ങൾ, ബാലാവകാശ സംരക്ഷണ നിയമങ്ങൾ എന്നിവ ആസ്പദമാക്കി ബോധവൽക്കരണ ക്ലാസുകൾ നൽകണമെന്നും കുട്ടികൾക്കെതിരെ യാതൊരുവിധ ശാരീരിക ശിക്ഷാ നടപടികളും ഉണ്ടാകരുതെന്നും നിർദ്ദേശം നൽകണമെന്നശുപാർശ | കേരള സംസ്ഥാന വഖഫ് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കമ്മീഷൻ ഉത്തരവനുസരിച്ചുള്ള നടപടി സ്വീകരിച്ചു. |
| 3. | സി.ആർ.എം.പി. നം. 1554/14/എൽഎ2/2015 | 9-ാം ക്ലാസിൽ തോൽക്കുന്ന കുട്ടികൾക്ക് സേ പരീക്ഷ നടത്തണമെന്ന ശുപാർശ | 28-10-2017-ലെ സ.ഉ.(കൈ) നം. 133/2017/പൊ.വി.വ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. |
| 4. | സി.ആർ.എം.പി.നം. 1790/09/എൽഎ2/2015 | കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രവേശനം നൽകാൻ ശുപാർശ | കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് ഹയർ സെക്കണ്ടറി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രവേശനം നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. |
| 5. | സി.ആർ.എം.പി. നം. 1849/07/എൽ.എ.1/2015 | തെറാപ്പി സെന്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന ശുപാർശ | ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർ ത്തിക്കുന്ന എല്ലാ തെറാപ്പി സെന്ററുകളും അതാത് ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകി. |
| 6. | സി.ആർ.എം.പി.നം. 3225/11/എൽഎ2/2015 | കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുവാൻ ശുപാർശ നൽകി | വനം വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും മുൻകൂർ അനുമതി ഇല്ലാതെ തന്നെ കുട്ടികളുടെ ജീവനും സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷയ്ക്കും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചു. |
| 7. | സി.ആർ.എം.പി. നം. 3826/06/എൽഎ1/2015 | തെരുവ് നായ്ക്കളുടെ കടിയേൽക്കുന്ന കുട്ടികൾക്ക് കുറഞ്ഞത് 5,000/- രൂപയും കൂടുതൽ പരിക്കുള്ളവർക്ക്പരിക്കിന്റെ വ്യാപ്തിക്കനുസരിച്ചും ചികിത്സയ്ക്ക് ചെലവാകുന്ന തുക പരിഗണിച്ചും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന ശുപാർശ | 09-11-2017ലെ 35776/DRFA1/17/റ.വ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. |
| 8. | സി.ആർ.എം.പി. നം. 4426/05/എൽ.എ.1/2015 | സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ അടച്ചു പൂട്ടണമെന്ന ശുപാർശ | 2018-19 അധ്യയന വർഷം മുതൽ അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 19-07-2017-ലെ GEDN-F1/27/2017/പൊ.വി.വ. നമ്പർ കത്തു വഴി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 9. | സി.ആർ.എം.പി. നം. 4820/04/എൽ.എ.1/2015 | ആർ.റ്റി.ഇ. നിയമം നടത്തിപ്പിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട കർത്ത വ്യങ്ങൾ വ്യക്തമാക്കുന്ന 2014- ലെ സർക്കാർ ഉത്തരവ് കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്ത ണമെന്ന ശുപാർശ | പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 20-09-2014 ലെ സ.ഉ.(പി) നം.192/2014/ പൊ.വി.വ. ഉത്ത രവ് എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളും കർശന മായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് 22-09-2017 ലെ 728293/ഇ.പി.എ.3/2016/ത.സ്വ.ഭ. വ. നമ്പർ സർക്കുലർ വഴി സർക്കാർ നിർദ്ദേശം നൽകിയി ട്ടുണ്ട്. |
| 10. | സി.ആർ.എം.പി. നം. 6013/04/എൽ.എ.1/2015 | റൂബി ബഞ്ചമിൻ എന്ന കുട്ടിയുടെ ചികിത്സയ്ക്കായി ധനസഹായം അനുവദിക്കണമെന്ന ശുപാർശ | 03-10-2015 ൽ അനുവദിച്ച 5,000/- രൂപയ്ക്കു പുറമേ ഒരു ലക്ഷം രൂപ കൂടി 02-11-2017 ലെ സ.ഉ.(സാധാ)4626/ 2017/റ.വ. നമ്പരായി സർക്കാർ അനുവദിച്ച് ഉത്തരവായി. |
| 11. | സി.ആർ.എം.പി.നം. 1161/11/എൽഎ2/2016 | ക്ലാസ് സമയങ്ങളിൽ അധ്യാപകരും വിദ്യാർത്ഥികളും മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള ശുപാർശ | ക്ലാസ് സമയങ്ങളിൽ അധ്യാപ കരും വിദ്യാർത്ഥികളും മൊബൈൽ ഫോൺ ഉപയോഗി ക്കുന്നത് കർശനമായി നിയന്ത്രി ക്കുവാൻ ഹയർ സെക്കണ്ടറി ഡയറക്ടർ നിർദ്ദേശം നൽകി. |
| 12. | സി.ആർ.എം.പി. നം. 1784/11/എൽ.എ.2/2016 | കൈക്കുഞ്ഞുമായി യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് യാത്രാ വാഹനങ്ങ ളിൽ സംവരണം ചെയ്യപ്പെട്ട സീറ്റുകൾ ഉറപ്പു വരുത്താൻ നിർദ്ദേശം നൽകണന്നെ ശുപാർശ | ഗതാഗതവകുപ്പ് കമ്മീഷണർ 17-07-2017 ലെ C3/e-3264/TC/2017 നമ്പരായി നിർദ്ദേശം പുറപ്പെടു വിച്ചിട്ടുണ്ട്. |
| 13. | സി.ആർ.എം.പി. നം. 3273/07/എൽ.എ.1/2016 | കടുത്ത വേനൽകാലത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കരുതെന്ന ശുപാർശ | കേരള സംസ്ഥാന വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവ് നടപ്പാക്കുന്ന തിനുള്ള നടപടി സ്വീകരിക്കു കയും ആ വിവരം പത്രപരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. |
| 14. | സി.ആർ.എം.പി.നം. 3971/10/എൽഎ2/2016 | സ്കൂൾ കുട്ടികളെ കൊണ്ട് പോകുന്ന ആട്ടോറിക്ഷകൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നത് സംബന്ധിച്ചുള്ള ശുപാർശകൾ | സ്കൂൾ കുട്ടികളെ കൊണ്ട് പോകുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശം ട്രാൻസ്പോർട്ട് കമ്മീഷണർ പുറപ്പെടുവിച്ചു. |
| 15. | സി.ആർ.എം.പി.നം. 4015/11/എൽഎ2/2016 | മഴക്കാലത്ത് സ്കൂൾ യൂണീഫോമിൽ സോക്സ് ഒഴിവാക്കാൻ ശുപാർശ | മഴക്കാലത്ത് സ്കൂൾ യൂണീഫോ മിൽ നിന്ന് സോക്സും ഷൂസും ഒഴിവാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടു വിച്ചു. |
| 16. | സി.ആർ.എം.പി.നം. 4113/09/എൽഎ2/2016 | സ്കൂളുകളിലെ കുട്ടികൾക്ക് നേരെയുള്ള ശാരീരിക മാനസിക പീഡനങ്ങൾ ഉണ്ടാകാതെ ഇരിക്കാൻ ശുപാർശ | കുട്ടികൾക്ക് നേരെയുള്ള ശാരീരിക മാനസിക പീഡനങ്ങൾ ഉണ്ടാവാതെ ശ്രദ്ധിക്കാനും അധ്യാപകരെയും ജീവനക്കാരെയും ബോധവൽക രിക്കാനും പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചു. |
| 17. | സി.ആർ.എം.പി. നം. 5613/04/എൽ.എ.1/2016 | സ്കൂളിൽ വച്ച് കണ്ണിന് സാരമായി പരിക്കേറ്റ കുട്ടിയുടെ ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന ശുപാർശ | 29-07-2017 ലെ സ.ഉ.(സാധാ) 3318/2017/ റ.വ. നമ്പരായി ഒരു ലക്ഷം രൂപ സർക്കാർ അനുവദിച്ചു. |

| | | | |
|---|---|---|---|
| 18. | സി.ആർ.എം.പി. നം. 6092/04/എൽ.എ.1/2016 | IHRD യുടെ അധീനതയിലുള്ള ടെക്നിക്കൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വിതരണം, അച്ചടക്ക നടപടികൾ തുടങ്ങിയവ സംബന്ധിച്ച് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന ശുപാർശ | IHRD ഡയറക്ടർ 25-08-2017 ലെ ഡി.ബി.2/2310/Mis/2017/HRD നമ്പർ സർക്കുലർ വഴി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| 19. | സി.ആർ.എം.പി. നം. 6886/07/എൽ.എ.1/2016 | ഐ.ടി. പഠനത്തിന് കുട്ടികൾക്ക് അനുവദിച്ച കമ്പ്യൂട്ടർ, ലാപ് ടോപ്പ് തുടങ്ങിയ എല്ലാ പഠനോപകരണങ്ങളും പ്രയോജനപ്പെടുത്താൻ കഴിയുന്നുണ്ടെന്ന് എല്ലാ പ്രധാന അധ്യാപകരും ഉറപ്പു വരുത്തണമെന്നുള്ള ശുപാർശ | പൊതു വിദ്യാഭ്യാസ ഡയറക്ടർ 05-04-2017 ലെ എൻ.ഇ. പി.3/75500/2016/ ഡി.പി.ഐ. നമ്പർ സർക്കുലർ വഴി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 20. | സി.ആർ.എം.പി. നം. 7309/08/എൽ. എ.2/2016 | വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ പരീക്ഷകളുടെ ഉത്തരസൂചിക പ്രസിദ്ധപ്പെടുത്തണമെന്നും സ്കീം ഫൈനലൈസേഷനിലെ അപാകതകൾ പരിഹരിക്കണമെന്നും മറ്റുമുള്ള ശുപാർശ | വി.എച്ച്.എസ്.ഇ. ഡയറക്ടർ ഉത്തരവനുസരിച്ചുള്ള നടപടി സ്വീകരിച്ചതായി സർക്കാർ കമ്മീഷനെ അറിയിച്ചിട്ടുണ്ട്. |
| 21. | സി.ആർ.എം.പി.നം. 7694/12/എൽഎ2/2016 | ചാനൽ ഷോകളിൽ ബാലസൗഹൃദ നടപടികൾ സ്വീകരിക്കാൻ ശുപാർശ | ചാനൽ ഷോകളിൽ കുട്ടികളെ പങ്കെടുപ്പിച്ച് പരിപാടി നടത്തുമ്പോൾ ബാലസൗഹൃദനടപടികൾ മാത്രം സ്വീകരിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ലേബർ കമ്മീഷണർ നിർദ്ദേശം നൽകി. |
| 22. | സി.ആർ.എം.പി.നം. 9724/12/എൽഎ2/2016 | കുട്ടികളുടെ മൊഴിയെടുക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ | സ്കൂളുകളിൽ പോലീസ് അന്വേഷണം ആവശ്യം വരുന്ന സാഹചര്യത്തിൽ കുട്ടികളുടെ മൊഴിയെടുക്കേണ്ടത് ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൾമാരുടെ സമ്മതത്തോട് മാത്രമായിരിക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം പുറപ്പെടുവിച്ചു. |
| 23. | സി.ആർ.എം.പി. നം. 163/01/എൽ.എ.1/2017 | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് ഉൾപ്പെടെയുള്ള എല്ലാ വിദ്യാലയങ്ങൾക്കും ഓരോ അധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പും അതാത് തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും വാങ്ങിയിരിക്കണമെന്നുള്ള ശുപാർശ | എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും 15-09-2017 ൽ ഡബ്ല്യു.(2)/52450/ 2017/ഡി.പി.ഐ. നമ്പരായി പൊതു വിദ്യാഭ്യാസ ഡറയക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 24. | സി.ആർ.എം.പി. നം. 282/01/എൽ.എ.1/2017 | കെ.ജി.റ്റി. പരീക്ഷാ നടത്തിപ്പിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള ശുപാർശകൾ | പരീക്ഷാഭവൻ സെക്രട്ടറി അപാകതകൾ പരിഹരിച്ചതായി അറിയിച്ചു. |
| 25. | സി.ആർ.എം.പി.നം. 1811/09/എൽഎ2/2017 | സ്കൂളുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച് ശുപാർശ | നഗരസഭാ പരിധിയിലെ സ്കൂളുകളിലെ കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകി. |

| | | | |
|---|---|---|---|
| 26. | സി.ആർ.എം.പി. നം. 2603/13/എൽ.എ.2/2017 | പത്ര-നവ ദൃശ്യ മാധ്യമ വാർത്തക ളിൽ കുട്ടികളെ കുറിച്ച് പരാമർശിക്കുമ്പോൾ അവരുടെ സ്വ കാര്യ മാനിക്കുന്നതിന്റെ ആവശ്യ കത സംബന്ധിച്ചും പോക്സോ, ബാലനീതി നിയമങ്ങൾ കൂടി ജേർണലിസം കോഴ്സുകളിൽ ഉൾപ്പെടുത്തുന്നതിനും അതുവഴി മാധ്യമ പ്രവർത്തകരെ ഈ വിഷയ ത്തിൽ കൂടുതൽ അവബോധമുള്ളവ രാക്കുവാനും നിർദ്ദേശം നൽകണ മെന്ന ശുപാർശ | ജേർണലിസം പഠിപ്പിക്കുന്ന യൂണിവേഴ്സിറ്റികൾ/സ്ഥാപന ങ്ങൾക്കും ഉന്നത വിദ്യാഭ്യാസ വകുപ്പിനും 11-01-2018 ൽ 2089811/ഇ3/17/I&PR നമ്പർ കത്തുവഴി വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട് |
| 27. | സി.ആർ.എം.പി. നം. 4692/09/എൽ. എ.2/2017 | മധ്യവേനലവധിക്കാലത്ത് സ്കൂളുകളിൽ പഠന പ്രവർത്തന ങ്ങൾ നടത്തരുതെന്ന ശുപാർശ | കമ്മീഷൻ ഉത്തരവ് നടപ്പാക്കുന്ന തിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ 31-03-2018 ലെ എച്ച്4/26488/2017/ഡി.പി.ഐ. നമ്പരായി സർക്കുലർ പുറപ്പെടു വിച്ചിട്ടുണ്ട്. |
| 28. | സി.ആർ.എം.പി. നം. 5082/05/എൽ.എ.1/2017 | പാമ്പാടി ഗ്രാമപഞ്ചായത്ത് 6-ാം വാർഡിലെ പുല്ലൊഴം അങ്കണവാടി കെട്ടിടത്തിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വൈദ്യുതീകരിക്കണമെന്ന ശുപാർശ | ആവശ്യമായ നടപടികൾ സ്വീക രിച്ചതായി പാമ്പാടി ഗ്രാമപഞ്ചാ യത്ത് സെക്രട്ടറി അറിയിച്ചു. |
| 29. | സി.ആർ.എം.പി.നം. 8417/11/എൽഎ2/2017 | ടി.വി. ചാനലുകളുടെ റിയാലിറ്റി ഷോയിൽ കുട്ടികളെ പങ്കെടുപ്പിക്കു മ്പോൾ പാലിക്കേണ്ട മാനദണ്ഡ ങ്ങൾ പുറപ്പെടുവിക്കുവാനുള്ള ശുപാർശ | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടിവി ചാനൽ മേധാവികൾക്കും The Child Labour (Prohibition and Regulation Amendment Act 2016-ലെ വ്യവസ്ഥകൾ കർശനമായി പാലിച്ച് മാത്രമേ പരിപാടികൾ നടത്താവൂ എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി തൊഴിലും നൈപുണ്യവും വകുപ്പ് നിർദ്ദേശിച്ചു. |
| 30. | വയനാട് | ഗ്രേസ് മാർക്കിന്റെ ആനുകൂല്യം ഇല്ലാതെ ഗ്രേഡ് നിലനിർത്തു മ്പോൾ "Grace marks awarded" എന്ന മുദ്ര നീക്കം ചെയ്യണമെന്നുള്ള ശുപാർശ | പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യമായ നടപടികൾ സ്വീകരിച്ചു. |

## 5.3 അന്വേഷണ വിചാരണയിലെ പ്രതിബന്ധങ്ങൾ

ബാലാവകാശ ലംഘനം, ബാലാവകാശ നിഷേധം എന്നിവ സംബന്ധിച്ച അന്വേഷണ വിചാരണയിൽ ആശ്വാസ നടപടികൾക്കായി ശുപാർശകൾ നൽകുന്നതും കമ്മീഷന്റെ സുപ്രധാന കർത്തവ്യമാണ്. ഇപ്രകാരം നൽകുന്ന ശുപാർശകൾ 2012-ലെ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം സർക്കാരിനും മറ്റ് ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾക്കും അയച്ചുകൊടുക്കുകയും അതിന്മേൽ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത ദിവസങ്ങൾക്കകം കമ്മീഷന് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുകയാണ് കമ്മീഷൻ ഇക്കാര്യ ത്തിൽ സ്വീകരിക്കുന്ന തുടർ നടപടി. എന്നാൽ ഇത്തരത്തിൽ നടപടി റിപ്പോർട്ട് ലഭി ക്കുന്നതിന് പലപ്പോഴും വളരെയധികം കാലതാമസം ഉണ്ടാകുന്നു എന്നത് വസ്തുത

യാണ്. ഇത് ശുപാർശകളുടെ അടിസ്ഥാനത്തിലുള്ള ക്ഷേമകാര്യങ്ങളും ബാലാവകാശ സംരക്ഷണവും കുട്ടികൾക്ക് ലഭിക്കുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാക്കു ന്നതിനാൽ ഇത്തരം അനാസ്ഥ ഒഴിവാക്കേണ്ടതുണ്ട്.

**സർക്കാരിന്/മറ്റ് അധികാരസ്ഥാനങ്ങൾക്ക് കമ്മീഷൻ നൽകിയ ശുപാർശക ളിന്മേൽ നടപടി സംബന്ധിച്ച റിപ്പോർട്ട് ഫയൽ ചെയ്യുന്നതിൽ കാലതാമസം നേരിടുന്ന പ്രധാനപ്പെട്ട കേസുകളിൽ ചിലത് ചുവടെ പറയുന്നവയാണ്.**

| ക്രമ നം. | കേസ് നമ്പർ | വിഷയം | നടപടി സ്വീകരിക്കേണ്ട എതിർകക്ഷികൾ |
|---|---|---|---|
| 1. | സി.ആർ.എം.പി 159/06/എൽഎ1/2013 | പീരുമേട്ടിലെ തോട്ടം തൊഴിലാളികളുടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് | ജില്ലാ കളക്റ്റർ, ഇടുക്കി |
| 2. | സി.ആർ.എം.പി 15/01/എൽഎ1/2014 | കുട്ടികളുടെ സംരക്ഷണവും ആരോഗ്യപരിപാലനവും ഉറപ്പാക്കാത്ത ക്രഷുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണമെന്നും എല്ലാത്തരം ക്രഷുകളെപ്പറ്റിയും അവയുടെ നടത്തിപ്പിനുവേണ്ട മാനദണ്ഡങ്ങളെപ്പറ്റിയും പഠനം നടത്തുന്നതിനും ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സമിതി രൂപീകരിക്കണമെന്നുമുള്ള ശുപാർശ സംബന്ധിച്ച് | സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |
| 3. | സി.ആർ.എം.പി 666/09/എൽഎ2/2014 | വിദ്യാഭ്യാസാവകാശനിയമം നടപ്പാക്കുന്നതു സംബന്ധിച്ച് | 1. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്<br>2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് |
| 4. | സി.ആർ.എം.പി 2115/12/എൽഎ2/2014 | വയനാട് ജില്ലയിലെ എല്ലാ ഗോത്രവർഗ്ഗ കോളനികളിലും വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുള്ള ശുപാർശ | സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ് |
| 5. | സി.ആർ.എം.പി 1452/01/എൽഎ1/2015 | കുട്ടികളുടെ നീന്തൽ പരിശീലനകേന്ദ്രങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകണമെന്ന ശുപാർശ സംബന്ധിച്ച് | സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് |
| 6. | സി.ആർ.എം.പി 2110/01/എൽഎ1/2015 | തിരുവനന്തപുരം ജില്ലയിലെ വലിയതുറ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസക്യാംപ് അവിടെനിന്നു മാറ്റണമെന്ന ശുപാർശ സംബന്ധിച്ച് | സെക്രട്ടറി, റവന്യൂ വകുപ്പ് |
| 7. | നമ്പർ 2872/എ3/2015 | കേരളത്തിലെ ജയിലുകളിൽ തടവുകാരായ അമ്മമാരോടൊപ്പം കഴിയുന്ന കുട്ടികളെ സംബന്ധിച്ച് | 1. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവകുപ്പ്<br>2. അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |

| | | | |
|---|---|---|---|
| 8. | സി.ആർ.എം.പി 3518/13/സി/2015 | കെ.എസ്.ആർ.റ്റി.സി. ബസുകളിൽ സീറ്റ് റിസർവേഷന് കുട്ടികളിൽ നിന്ന് മുഴുവൻ തുകയും ഈടാക്കുന്നത് സംബന്ധിച്ച് | മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.റ്റി.സി |
| 9. | സി.ആർ.എം.പി 3907/11/എൽഎ2/2015 | എയ്ഡഡ് സ്കൂൾ അധ്യാപകർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധിയായാൽ ആ കാലയളവിൽ ശൂന്യവേതന അവധിയെടുക്കണമെന്നത് സംബന്ധിച്ച് | 1. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്<br>2. പൊതുവിദ്യാഭ്യാസ ഡയറക്ടർ |
| 10. | സി.ആർ.എം.പി 3970/01/എൽഎ1/2015 | റോളർ സ്കേറ്റിങ്ങിനുള്ള സുരക്ഷാ ക്രമീകരണങ്ങൾ, അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട സംഘടനകളുടെ രജിസ്ട്രേഷൻ, അംഗീകാരം തുടങ്ങിയവ വ്യക്തമാക്കുന്ന മാർഗ്ഗരേഖ തയ്യാറാക്കുന്നതു സംബന്ധിച്ച് | സെക്രട്ടറി, കായിക-യുവജനകാര്യ വകുപ്പ് |
| 11. | സി.ആർ.എം.പി 5655/01/എൽഎ3/2015 | ഡിഫ്തീരിയ തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പിനെതിരെ കുപ്രചരണം നടത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുവാനും ഇത്തരം കുപ്രചരണങ്ങൾ ജാമ്യമില്ലാ കുറ്റമാക്കി നിയമനിർമ്മാണം നടത്തുവാനുമുള്ള ശുപാർശ | 1. സെക്രട്ടറി, ആരോഗ്യവകുപ്പ്<br>2. ഡയറക്ടർ, ആരോഗ്യവകുപ്പ്<br>3. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് |
| 12. | സി.ആർ.എം.പി 1299/12/എൽഎ2/2016 | മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നത് സംബന്ധിച്ച ശുപാർശകൾ | സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ് |
| 13. | സി.ആർ.എം.പി 2720/12/എൽഎ2/2016 | മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നത് സംബന്ധിച്ച് | സെക്രട്ടറി, ആരോഗ്യവകുപ്പ് |
| 14. | സി.ആർ.എം.പി 2446/05/എൽഎ1/2016 | കെ.എസ്.ആർ.റ്റി.സി മാത്രം സർവീസ് നടത്തുന്ന റൂട്ടുകളിൽ കുട്ടികൾക്ക് യാത്രസൗജന്യം അനുവദിക്കാത്തതു സംബന്ധിച്ച് | 1. സെക്രട്ടറി, ഗതാഗതവകുപ്പ്<br>2. ചെയർമാൻ & മാനേജിങ് ഡയറക്റ്റർ, കെ.എസ്.ആർ.റ്റി.സി |
| 15. | സി.ആർ.എം.പി 3522/08/എൽഎ2/2016 | സ്കൂൾ വർഷത്തിന്റെ തുടക്കത്തിലും അവസാനത്തിലും മാത്രമല്ല ഏതെങ്കിലും സമയം ഒരു വിദ്യാർത്ഥി പൊതുമേഖലയിലുള്ള ഗവ./എയ്ഡഡ് വിദ്യാലയങ്ങളിൽ ഏതെങ്കിലും കാരണത്താൽ അഡ്മിഷൻ തേടിയാൽ അതിനായി എന്തു പ്രക്രിയയും രേഖകളും വേണമെന്നുള്ളതിനുള്ള നിർദ്ദേശങ്ങൾ വ്യക്തമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുകയും അപ്രകാരം നടപടി സ്വീകരിക്കാത്ത പ്രധാനാദ്ധ്യാപകർക്കും മാനേജ്മെന്റുകൾക്കുമെതിരെ ശക്തമായ നടപടി സമയബന്ധിതമായി സ്വീകരിക്കുകയും ചെയ്യണം. കുട്ടികൾക്ക് സ്കൂളിൽ അഡ്മിഷൻ നൽകിപ്പിക്കുന്നതിലും അവരെ പിരിച്ചു വിടീപ്പിക്കുന്നതിലും പി.റ്റി.എ.യ്ക്ക് എന്തെങ്കിലും പങ്കുണ്ടോ എന്നും വ്യക്തമാക്കുന്നതിനുള്ള ശുപാർശ | പൊതുവിദ്യാഭ്യാസ ഡയറക്ടർ |

| | | | |
|---|---|---|---|
| 16. | സി.ആർ.എം.പി 4109/07/എൽഎ1/2016 | ഉപയോഗശൂന്യമായ ക്വാറികൾ, പാറമടകൾ എന്നിവ സംരക്ഷണ മതിൽ കെട്ടി അപകടങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച് | 1. സെക്രട്ടറി, റവന്യൂ വകുപ്പ്<br>2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് |
| 17. | സി.ആർ.എം.പി 5370/12/എൽഎ2/2016 | വയനാട് ജില്ലയിലെ കൂവണകുന്ന് പണിയകോളനിലെ അടിസ്ഥാനസൗകര്യങ്ങളുടെ വികസനം സംബന്ധിച്ച ശുപാർശ | 1. ജില്ലാ കളക്റ്റർ, വയനാട്<br>2. പട്ടികവർഗ്ഗ വികസന ഓഫീസർ, മാനന്തവാടി |
| 18. | സി.ആർ.എം.പി 5898/11/എൽഎ2/2016 | 18 വയസ്സിനുതാഴെയുള്ള കുട്ടികൾ നിയമവുമായി പൊരുത്തപ്പെടാത്ത കാര്യങ്ങളിൽ ഏർപ്പെടുകയും അവരെ പോലീസ് പിടികൂടുകയും ചെയ്താൽ എല്ലാ നടപടികളും 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമ പ്രകാരം ശിശുസൗഹൃദപരമായി നടത്തുവാനും അവരെ ഉടനെ ജുവനൈൽ ജസ്റ്റിസ് ബോർഡിൽ ഹാജരാക്കുവാൻ വേണ്ട നടപടി കൾ കൈക്കൊള്ളണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുറപ്പെടുവിക്കണം എന്ന ശുപാർശ. | അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് |
| 19. | സി.ആർ.എം.പി 6912/10/എൽഎ2/2016 | പ്രീ-പ്രൈമറി കുട്ടികൾക്ക് ഉച്ചഭക്ഷണവും മറ്റും നൽകുന്നത് സംബന്ധിച്ച് | 1. ജില്ലാ സാമൂഹ്യനീതി ഓഫീസർ, മലപ്പുറം<br>2. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്<br>3. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് |
| 20. | സി.ആർ.എം.പി 11142/12/എൽഎ2/2017 | കുഞ്ഞോം ട്രൈബൽ ഹോസ്റ്റൽ അപകടാവസ്ഥയിൽ എന്ന വാർത്ത സംബന്ധിച്ച് | 1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്<br>2. സെക്രട്ടറി, പട്ടികജാതി-പട്ടിക വർഗ്ഗ വകുപ്പ് |

## 6. ദുരിതം അനുഭവിക്കുന്നവരും പാർശ്വവത്കരിക്കപ്പെട്ടവരും പ്രതികൂലാവ സ്ഥയിലുള്ളവരുമായ കുട്ടികളുടെ പ്രശ്നങ്ങൾ

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിലെ കുട്ടികളുടെ ആവശ്യങ്ങൾക്ക് കമ്മീഷൻ പ്രത്യേകശ്രദ്ധ പതിപ്പിക്കുന്നുണ്ട്. പരാതികളുടെ രൂപത്തിലോ ബാലാവകാശ ലംഘനമായോ നിഷേധമായോ കമ്മീഷന്റെ ശ്രദ്ധയിൽ പെടുന്ന ഈ വിഭാഗത്തിലെ കുട്ടികളുടെ പ്രശ്നങ്ങൾ എല്ലാ വർഷവും പ്രത്യേക ശ്രദ്ധ നൽകി പരിഗണിച്ചുവരുന്നു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിലെ കുട്ടികൾ നൽകുന്ന വ്യക്തിഗത പരാതികൾക്ക് ലഭിക്കുന്ന അനുകൂല ഉത്തരവുകൾക്ക് പുറമെയാണ് സമൂഹത്തെയാകെ ബാധിക്കുന്ന ഇത്തരം പ്രശ്നങ്ങളിൻമേലുള്ള കമ്മീഷന്റെ നടപടി. ഇത്തരം സന്ദർഭങ്ങളിൽ സ്പെഷ്യൽ റിപ്പോർട്ടിന്റെയോ സന്ദർശന റിപ്പോർട്ടിന്റെയോ ചൈൽഡ് റൈറ്റ്സ് മിസലേനിയസ് പെറ്റീഷന്റെയോ (സി.ആർ.എം.പി) അടിസ്ഥാനത്തിൽ സർക്കാരിന് റിപ്പോർട്ടുകൾ നൽകുകയും

അവയിൻമേൽ നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി തുടർനിരീക്ഷണം നടത്തിവരികയും ചെയ്യുന്നു.

## 7. കമ്മീഷൻ സ്വീകരിച്ച മറ്റു നടപടികൾ

### 7.1 സംവാദം

കുട്ടികളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ആഴത്തിൽ ഉൾക്കൊള്ളുന്നതിന് അവരുമായുള്ള ആശയവിനിമയം വളരെയധികം പ്രയോജനം ചെയ്യുമെന്നാണ് കമ്മീഷന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 17 (f)പ്രകാരം കമ്മീഷന്റെ പ്രവർത്തനങ്ങളിലും കുട്ടികളുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളിലും സംഘടനകളിലും കുട്ടികളുടെ താൽപര്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും ബഹുമാനിക്കുകയും കുട്ടികളുടെ അഭിപ്രായങ്ങൾക്ക് ഗൗരവതരമായ പ്രാധാന്യം നൽകുകയും ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം മുൻനിർത്തി റിപ്പോർട്ട് വർഷം മേഖല തിരിച്ച് നാലുജില്ലകളിൽ കമ്മീഷൻ കുട്ടികളുമായുള്ള സംവാദം പരിപാടി സംഘടിപ്പിച്ചിരുന്നു. കൊല്ലം (കൊട്ടാരക്കര), ആലപ്പുഴ, കാസറഗോഡ്, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് കുട്ടികളുമായുള്ള സംവാദം പരിപാടികൾ സംഘടിപ്പിച്ചത്. കൊട്ടാരക്കരയിൽ ശ്രീമതി ഐഷ പോറ്റി എം.എൽ.എയും ആലപ്പുഴയിൽ ബഹു. ധനവകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസകും സംവാദം പരിപാടി ഉദ്ഘാടനം ചെയ്തു. ബഹു. റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ കാസറഗോഡും, ഡോ. എ. സമ്പത്ത് എം.പി. തിരുവനന്തപുരത്തും സംവാദം പരിപാടിയുടെ ഉദ്ഘാടകരായി.പരിപാടിയിൽ പങ്കെടുത്ത കുട്ടികൾക്ക് ബാലാവകാശം സംബന്ധിച്ച അവബോധം നൽകുകയും കുട്ടികൾ അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും ബാലാവകാശ സംരക്ഷണം സംബന്ധിച്ച അവരുടെ കാഴ്ചപ്പാടും കമ്മീഷനുമായി പങ്കുവെയ്ക്കുകയുമുണ്ടായി. ഇത് വിവിധ വിഷയങ്ങളെ അധികരിച്ച് കമ്മീഷൻ നൽകിയ ഉത്തരവുകളിൽ ശുപാർശ രൂപപ്പെടുത്തുന്നതിനും കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള വിവിധ കൂടിയാലോചനായോഗങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കുന്നതിലും കമ്മീഷൻ ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ, കുട്ടികളോടൊപ്പം പരിപാടിക്ക് എത്തിയ അധ്യാപകരോടും മാതാപിതാക്കളോടും നേരിട്ട് സംസാരിക്കാൻ കമ്മീഷൻ സമയം കണ്ടെത്തുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കമ്മീഷൻ പ്രത്യേകം പരിഗണിക്കുകയും ചെയ്തു. വ്യക്തമായ പരാതികൾ ഉന്നയിച്ച കേസുകൾ പ്രത്യേകം കേസായി രജിസ്റ്റർ ചെയ്ത്

അന്വേഷണവിചാരണ നടത്തുകയും ബന്ധപ്പെട്ട വകുപ്പുകൾക്ക് ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

### 7.2 ബാലാവകാശ വാരാചരണ പരിപാടികൾ

2017 വർഷത്തെ ബാലാവകാശസംരക്ഷണ വാരാചരണം ദേശീയ ശിശുദിനമായ നവംബർ 14 മുതൽ അന്തർദേശീയ ബാലാവകാശദിനമായ നവംബർ 20 വരെയുള്ള തീയതികളിലായി നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി കുട്ടികളുടെ അവകാശ സംരക്ഷണങ്ങൾ പൊതുജനങ്ങളിലേക്കും കുട്ടികളിലേക്കും എത്തിക്കുക, കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്താനായി പൊതുജനങ്ങളെയും കുട്ടികളെയും പ്രാപ്തരാക്കുക എന്നീ ഉദ്ദേശത്തോടെ 14 ജില്ലകളിലും ജില്ലാ ശിശുസംരക്ഷണ ഓഫീസർ, ചൈൽഡ് വെൽഫയർ കമ്മിറ്റി, ചൈൽഡ് ലൈൻ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ എന്നിവ രുടെ സഹകരണത്തോടെ വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. കുട്ടികളുടെ സംരക്ഷണത്തിന് വേണ്ടി പ്രവർത്തിക്കുന്ന വിവിധ സംവിധാനങ്ങളെക്കു റിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്ക പ്പെടേണ്ടതാണെന്നും ആയത് ലംഘിക്കുന്നത് അവർക്ക് നേരെയുള്ള അതിക്രമമാ ണെന്നും അതിനാൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് മുതിർന്ന ഓരോരുത്തരുടേയും കൂട്ടായ ഉത്തരവാദിത്തമാണെന്ന് ബോധ്യപ്പെടുത്താനും ഈ പരി പാടി സഹായകമായി.

ജില്ലാതല പരിപാടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം**

നവംബർ 15-ന് ആരംഭിച്ച ബാലാവകാശ പ്രചരണ കലാജാഥയുടെ നെടുമ ങ്ങാട് മുനിസിപ്പൽ ടൗൺ ഹാളിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ജില്ലാ പഞ്ചാ യത്ത് പ്രസിഡന്റ് ശ്രീ. വി.കെ. മധു അദ്ധ്യക്ഷനായിരുന്നു. ഔദ്യോഗിക ഉദ്ഘാടനം സ്ഥലം എം.എൽ.എ. ശ്രീ. സി. ദിവാകരൻ നിർവഹിച്ചു. സമ്മേളനത്തിന്റെ മുഖ്യാതിഥി ശ്രീമതി ശോഭ കോശി ജില്ലാ ശിശുസംരക്ഷണ ഓഫീസർ ശ്രീ. സുബൈർ കെ.കെ.-ക്ക് പതാക കൈമാറിക്കൊണ്ട് ഔദ്യാഗികമായ ഫ്ളാഗ് ഓഫ് നിർവഹിച്ചു. നവംബർ 15, 16, 17 തീയതികളിൽ നെടുമങ്ങാട് നിന്നാരംഭിച്ച് പാറശ്ശാല വരെയും, വിഴിഞ്ഞത്തു നിന്നാരംഭിച്ച് ശംഖുംമുഖം വരെയും, കിളിമാനൂരിൽ നിന്ന് ആരംഭിച്ച് വർക്കല വരെയുമാണ് ബാലാവകാശ പ്രചരണ കലാജാഥ സംഘടിപ്പിച്ചത്.

**കൊല്ലം**

ബാലാവകാശം, സംരക്ഷണം എന്നിവ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ഫ്ളാഷ് മോബ്, തെരുവുനാടകം എന്നിവ സംഘടിപ്പിക്കുകയും ബാലാവകാശ സംരക്ഷണം സംബന്ധിച്ച് ലഘുലേഖ വിതരണം ചെയ്യുകയുമുണ്ടായി. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ എത്തിയ വാഹന പ്രചരണ ജാഥയോടനുബന്ധിച്ച് കുട്ടികളുടെ സുരക്ഷയും സംരക്ഷണവും സംബന്ധിച്ചുള്ള പരാതികളും നിർദ്ദേശങ്ങളും പൊതുജനങ്ങളിൽനിന്നും സ്വീകരിക്കുന്നതിന്റെ ഭാഗമായി 'പരാതിപ്പെട്ടി' എന്ന സംവിധാനം ഒരുക്കുകയുണ്ടായി. ഈ വിഷയത്തിൽ കൊല്ലം ചിൽഡ്രൻസ് ഹോമിൽ വച്ച് ചിത്രപ്രദർശനം, ബോധവൽക്കരണ ക്ലാസ് എന്നിവയുടെ നടത്തുകയുണ്ടായി.

**പത്തനംതിട്ട**

14-11-2017-ൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ശിശുവികസന പദ്ധതി ഓഫീസർമാർ എന്നിവർക്കായി 'കുട്ടികളുടെ അവകാശസംരക്ഷണവും സേവന വികേന്ദ്രീകരണവും - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗ്ഗങ്ങളും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. നവംബർ 15 മുതൽ 17 വരെ, ബാലാവകാശസംരക്ഷണത്തിന്റെ പ്രാധാന്യം, കുട്ടികൾക്കായി രാജ്യത്ത് നിലവിലുള്ള നിയമങ്ങൾ, അവയുടെ നടത്തിപ്പിനായുള്ള സർക്കാർ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ജില്ലയിലെ പ്രധാന സ്ഥലങ്ങൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ ബാലാവകാശസംരക്ഷണ യാത്ര സംഘടിപ്പിക്കുകയുണ്ടായി. യാത്രയുടെ ഭാഗമായി പപ്പറ്റ് ഷോ, പ്രശ്നോത്തരി, മാജിക് ഷോ എന്നിവ നടത്തുകയുമുണ്ടായി.

**ആലപ്പുഴ**

ശ്രീശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി റീജിയണൽ സെന്റർ, തുറവൂരിലെ സോഷ്യൽ വർക്ക് സ്റ്റുഡന്റ് അസോസിയേഷൻ അറോറ എന്ന സംഘടനയുടെ സഹകരണത്തോടെ ജില്ലയിലെ വിവിധ സ്കൂളുകൾ, ബസ് സ്റ്റാൻഡുകൾ, കവലകൾ എന്നിവിടങ്ങളിൽ തെരുവുനാടകം അവതരിപ്പിച്ചു. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പൊതുജനങ്ങളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ പ്രചരണ ജാഥ ജില്ലയിലുടനീളം സഞ്ചരിച്ചു. കുട്ടികൾക്ക് സ്പോട്ട് ക്വിസ്, അദ്ധ്യാപകർക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ് എന്നിവ നടത്തുകയുമുണ്ടായി.

**കോട്ടയം**

ജില്ലയിൽ ബാലാവകാശസംരക്ഷണ സന്ദേശയാത്ര സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച് ഫ്ളാഷ് മോബ്, തെരുവുനാടകം, ബാലാവകാശ പ്രശ്നോത്തരി എന്നിവ നടത്തി. പുസ്തകങ്ങൾ സമ്മാനമായി വിതരണം ചെയ്തു. കൂടാതെ 18-11-2017-ന് കോട്ടയം ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ നേതൃത്വത്തിൽ ബാലാവകാശ അദാലത്ത് നടത്തുകയുണ്ടായി. അദാലത്തിൽ പരാതികൾ സ്വീകരിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും സാധിച്ചു. നവംബർ 20-ന് വൈകുന്നേരം കോട്ടയം റെയിൽവേ സ്റ്റേഷനിൽ മാന്നാനം കെ.ഇ. കോളേജ് വിദ്യാർത്ഥികളുടെ സഹകരണത്തോടെ ഫ്ളാഷ് മോബ് സംഘടിപ്പിക്കുകയും യാത്രക്കാർക്ക് ലീഫ്ലെറ്റുകളും ബ്രോഷറും വിതരണം ചെയ്യുകയുമുണ്ടായി. നവംബർ 14 മുതൽ 20 വരെയുള്ള തീയതികളിൽ കളക്ടറേറ്റ് കാമ്പസിൽ, ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെയും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ചൈൽഡ് ഹെൽപ്പ് ഡെസ്ക് സംഘടിപ്പിച്ചിരുന്നു.

**ഇടുക്കി**

ജില്ലയിലുടനീളം ബാലാവകാശ സന്ദേശങ്ങൾ രേഖപ്പെടുത്തിയ പോസ്റ്ററുകൾ പതിപ്പിച്ച് പ്രത്യേകമായി സജ്ജീകരിച്ച വാഹനത്തിൽ ബാലാവകാശ സംരക്ഷണ സന്ദേശ യാത്രയും വിവിധ കേന്ദ്രങ്ങളിൽ തത്സമയ പ്രശ്നോത്തരിയും സമ്മാനദാനവും തെരുവുനാടകവും ഫ്ളാഷ്മോബും ലഘുലേഖ വിതരണവും സംഘടിപ്പിക്കുകയുണ്ടായി. മൂന്നാറിൽ നടന്ന പൊതുസമ്മേളനത്തിൽ കമ്മീഷൻ അംഗം സിസ്റ്റർ ബിജി ജോസ് പ്രഭാഷണം നടത്തി.

**എറണാകുളം**

14-11-2017 മുതൽ 20-11-2017 വരെ നടത്തിയ ആഘോഷങ്ങളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആശ സനിൽ നിർവ്വഹിച്ചു. തെരുവുനാടകം, ഫ്ളാഷ് മോബുകൾ തുടങ്ങിയവ നടത്തുകയുണ്ടായി. വാഹനപര്യടനം കമ്മീഷൻ അംഗം ശ്രീ. എം.പി. ആന്റണി ഫ്ളാഗ് ഓഫ് ചെയ്തു. തത്സമയ പ്രശ്നോത്തരിയുമായി റേഡിയോ ജോക്കി കുമാരി ചിപ്പിയും പങ്കെടുത്തു. ലഘുലേഖവിതരണവും നടത്തി. കൂടാതെ ജില്ലയിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ചാക്യാർ കൂത്ത് കലാകാരൻ ഫലിതപ്രധാനമായ മുഹൂർത്തങ്ങളിലൂടെ ശിശുസംരക്ഷണ നിയമങ്ങൾ വിശദീകരിക്കുകയും ചെയ്തു. "എന്റെ സുരക്ഷ എന്റെ അവകാശം" എന്ന വിഷയം സംബന്ധിച്ച് വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിച്ച സെമിനാറുകളിൽ കുട്ടികൾ നേരിടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം ലഭ്യമാകുമെന്ന് അധികാരസ്ഥാനങ്ങളിൽ നിന്നും ഉറപ്പ് ലഭിക്കുകയുണ്ടായി. കൂട്ടയോട്ടം, പട്ടംപറത്തൽ, കുട്ടികൾക്കായി പോസ്റ്റർ

കോമ്പറ്റിഷൻ, ഹാന്റ് പ്രിന്റിംഗ്, റേഡിയോ ക്വിസ്, മൊബൈൽ ഫോട്ടോഗ്രഫി തുടങ്ങിയ മത്സരങ്ങളും സംഘടിപ്പിക്കുകയുണ്ടായി.

**തൃശ്ശൂർ**

വിവിധ സ്കൂളുകളിൽ ബോധവൽക്കരണ പരിപാടി, സ്പോട്ട് ക്വിസ്, ഹ്രസ്വചിത്രപ്രദർശനം എന്നിവ നടത്തി. വാഹനപ്രചരണം സബ് കളക്ടർ ശ്രീമതി രേണുരാജ് ഐ.എ.എസ്. ഫ്ളാഗ് ഓഫ് ചെയ്തു. തെരുവുനാടകവും സംഘടിപ്പിച്ചിരുന്നു. ജില്ലയിലെ പ്രധാന സ്ഥലങ്ങളിൽ പ്രചരണവാഹനം നിർത്തി ബാലാവകാശ സംരക്ഷണ സന്ദേശങ്ങൾ സംബന്ധിച്ച ഓഡിയോ പ്രവർത്തിപ്പിക്കുകയും അവബോധനക്ലാസ്സുകൾ നടത്തുകയും ചെയ്തു. സമാപനദിവസത്തിൽ ജവഹർ ബാലഭവനിൽ വച്ച് ബാലാവകാശസംരക്ഷണ ക്ലാസ്സുകൾ, ലൈഫ് സ്കിൽ ട്രെയിനിംഗ് എന്നിവ ഉൾപ്പെടുത്തി സെമിനാർ, സ്പോട്ട് ക്വിസ്, ഡോക്യുമെന്ററി ഷോ തുടങ്ങിയവ സംഘടിപ്പിച്ചു.

**മലപ്പുറം**

ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട അഞ്ച് സ്കൂളുകളിൽ ലൈവ് ക്വിസ് പ്രോഗ്രാം നടത്തുകയും പെരുമ്പടപ്പ് ബ്ലോക്കിൽ വിവിധ സ്റ്റേക്ക്ഹോൾഡേഴ്സിനെ ഉൾപ്പെടുത്തിക്കൊണ്ട് ഏകദിന സെമിനാർ, സ്കൂൾ എൻ.എസ്.എസ്. വോളണ്ടിയർമാരെ ഉൾപ്പെടുത്തിക്കൊണ്ട് ബാലാവകാശസംരക്ഷണ റാലി എന്നിവ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ബാലാവകാശസംരക്ഷണവുമായി ബന്ധപ്പെട്ട ഫിലിം ഫെസ്റ്റിവൽ, മാജിക് ഷോ, ആൺകുട്ടികളുടെ സംരക്ഷണത്തിനായി നിർമ്മിച്ച ഹ്രസ്വചിത്രം '**സ്പർശം**' ഉദ്ഘാടനം ചെയ്യുകയും കുട്ടികളുടെ സംരക്ഷണത്തിനായുള്ള വിവിധ നിയമങ്ങൾ - പോക്സോ നിയമം, ബാല്യവിവാഹ നിരോധന നിയമം, ബാലനീതി നിയമം എന്നിവ സംബന്ധിച്ച് ജില്ലയിലെ വിവിധ ഭാഗങ്ങളിലായി നിയമബോധവൽക്കരണ പരിപാടി നടത്തുകയും ബാലാവകാശസംരക്ഷണ കൂട്ടയോട്ടം നടത്തുകയുമുണ്ടായി.

**പാലക്കാട്**

ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. ഉദ്ഘാടനം നടത്തി. ജില്ലയിലെ പ്രധാനപ്പെട്ട ചലച്ചിത്ര പ്രദർശനശാലകളിൽ 14-11-2017 മുതൽ 20-11-2017 വരെ ദിവസത്തിൽ 4 തവണ വീഡിയോ പ്രദർശിപ്പിക്കുകയുണ്ടായി. കൂടാതെ പെൺഭ്രൂണഹത്യ, ശൈശവവിവാഹം തുടങ്ങിയ വിഷയങ്ങളിൽ ഫ്ളാഷ് മോബ്, തെരുവ് നാടകം, ബാലാവകാശ സംരക്ഷണം സംബന്ധിച്ച വാഹന പ്രചരണം, തീയറ്റർ പരസ്യം, ലഘുലേഖ വിതരണം എന്നിവയ്ക്കു പുറമെ കൂട്ടയോട്ടം, ഫോട്ടോഗ്രഫി മത്സരം, കുട്ടികളുടെ അവകാശങ്ങൾ, കുട്ടികളുടെ സംരക്ഷണ നിയമങ്ങളിൽ അദ്ധ്യാപകരുടെ പങ്ക് എന്നീ

വിഷയങ്ങളെ ആസ്പദമാക്കി "സധൈര്യം" എന്ന പേരിൽ ബോധവൽക്കരണ പരിപാടി തുടങ്ങിയവയും സംഘടിപ്പിച്ചു.

**കോഴിക്കോട്**

കോഴിക്കോട് ബീച്ചിൽ മണൽ ശിൽപ്പം നിർമ്മിച്ചു പ്രദർശനം നടത്തുകയുണ്ടായി. തെരഞ്ഞെടുത്ത സ്കൂളുകളിൽ ശൈശവവിവാഹത്തിനെതിരെയുള്ള ഹ്രസ്വചിത്രമായ 'പതിനെട്ട്', ലൈംഗികചൂഷണം പ്രമേയമാക്കിയുള്ള 'മായ', 'കിക്കി' എന്നീ ചിത്രങ്ങളും കുട്ടികളിൽ മൊബൈൽ ഫോൺ സ്വാധീനം വെളിവാക്കുന്ന 'തിരുത്ത്' എന്ന ഹ്രസ്വചിത്രം എന്നിവയുടെ പ്രദർശനവും പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളിലെ കുട്ടികൾക്കായി 'സംവാദം' പരിപാടിയും സംഘടിപ്പിച്ചു. ശിശുദിന വാരാഘോഷത്തോടനുബന്ധിച്ച് നവംബർ 14-ന് ആരോഗ്യവകുപ്പ്, ചൈൽഡ് ലൈൻ, തൊഴിൽ വകുപ്പ്, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് എന്നിവിടങ്ങളിലെ പ്രതിനിധികൾ അടങ്ങുന്ന ബാലവേല വിരുദ്ധ സ്ക്വാഡിന്റെ നേതൃത്വത്തിൽ കോഴിക്കോട് നഗരപരിസരങ്ങളിലെ ബേക്കറി നിർമ്മാണശാലകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തി ബാലവേലയിൽ ഏർപ്പെട്ടിരുന്ന തമിഴ്നാട് സ്വദേശികളായ 6 കുട്ടികളെ രക്ഷപ്പെടുത്തി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റും കോഴിക്കോട് ഹോളി ക്രോസ് കോളേജിലെ എം.എസ്.ഡബ്ല്യൂ. ഡിപ്പാർട്ടുമെന്റും ചേർന്ന് ജില്ലയിലെ പ്രധാന സ്ഥലങ്ങളിൽ 'കുട്ടികൾ നേരിടുന്ന ലൈംഗികാതിക്രമം' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള തെരുവുനാടകം സംഘടിപ്പിക്കുകയും ബാലസംരക്ഷണത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഹോളിക്രോസ് കോളേജിലെ എം.എസ്.ഡബ്ല്യൂ. ഡിപ്പാർട്ടുമെന്റിലെ കുട്ടികൾ ചേർന്ന് 'ബാലപീഡനം' സംബന്ധിച്ച് 'ഫ്ളാഷ് മോബ്' സംഘടിപ്പിക്കുകയുമുണ്ടായി.

**കണ്ണൂർ**

നവംബർ 14-ന് 'കുട്ടികളുടെ പരിചരണവും സംരക്ഷണവും സമൂഹത്തിന്റെ ഉത്തരവാദിത്തം' എന്ന മഹത്തായ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിലേക്ക് 400-ഓളം സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് അവകാശവിളംബര പ്രദർശനം നടത്തുകയും മൂട്ട് കോർട്ട്, ട്രെഷർ ഹണ്ട് ഗെയിം, ഹ്രസ്വചിത്ര പ്രദർശനം എന്നിവ സംഘടിപ്പിക്കുകയുമുണ്ടായി. 16-ാം തീയതി കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രശസ്ത ചിത്രകാരന്മാർ ഒരുക്കിയ ചിത്രകലാപ്രദർശനം നടത്തുകയും 18-ാം തീയതി ക്ലബ്ബ് എഫ്.എം.-മായി സഹകരിച്ച് ബാലാവകാശവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായി തൽസമയ പ്രശ്നോത്തരി, ഗെയിം എന്നിവ സംഘടിപ്പിക്കുകയുമുണ്ടായി. 20-ാം തീയതിയിലെ, ബാലാവകാശസംരക്ഷണ വാരാചരണത്തിന്റെ സമാപന സമ്മേളനത്തിൽ കയ്റോസ് എന്ന സന്നദ്ധ സംഘടനയുമായി സഹകരിച്ച് സി.ഡബ്ല്യൂ.സി., പോലീസ്,

നഗരസഭ പ്രതിനിധികളടങ്ങുന്ന പാനൽ ചർച്ച ഏർപ്പാടാക്കിയിരുന്നു. സമ്മേളനത്തിനു ശേഷം പാനൽ അംഗങ്ങൾ കുട്ടികളുമായി ചർച്ച നടത്തി.

**കാസർഗോഡ്**

"കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും സമൂഹത്തിന്റെ ഉത്തരവാദിത്തം" എന്ന ബാനറിൽ 8 ദിവസം അവബോധ രൂപീകരണ പരിപാടികൾ സംഘടിപ്പിച്ചു. വിവിധ സ്കൂളുകളിൽ "നല്ല സ്പർശം, ചീത്ത സ്പർശം", കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമം, ബാലഭിക്ഷാടനം, ബാലവേല, കുട്ടികളെ കടത്തിക്കൊണ്ട് പോകൽ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുകയും കുട്ടികളുമായി സംവാദം നടത്തുകയും ചെയ്തു. പൊതുജനങ്ങൾക്കും കുട്ടികൾക്കുമായി ജില്ലാതല ചിത്രരചനാ മത്സരം, സിഗ്നേച്ചർ കാമ്പയിൻ, മണൽശില്പ നിർമ്മാണവും പ്രദർശനവും, കുട്ടികളുടെ കലാപരിപാടികൾ, പൊതുസമ്മേളനം എന്നിവയും സംഘടിപ്പിച്ചു.

**വയനാട്**

വയനാട് ജില്ലയിൽ ബാലാവകാശസംരക്ഷണ വാരാചരണം 'VIBGYOR 2017' എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഓരോ ദിവസവും യഥാക്രമം VIBRANT, INSTITUTION'S, BE POSITIVE, GREEN, YOUR'S, ORIENTATION, RECREATION എന്നീ ആശയങ്ങൾ മുൻനിർത്തി ജില്ലയിലെ വിവിധ സ്കൂളുകൾ/കോളേജുകൾ/ടൗണുകൾ/ പാർക്കുകൾ തുടങ്ങിയ ഭാഗങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

## 7.3 കൂടിയാലോചനായോഗങ്ങൾ

ബാലാവകാശസംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതിപ്പങ്കാളികളെ പങ്കെടുപ്പിച്ചുകൊണ്ട് റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ വിവിധ കൂടിയാലോചനാ യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. അവയെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ പറയുന്നു.

### 7.3.1. സോഷ്യൽ ഓഡിറ്റിംഗ് കൂടിയാലോചന യോഗം

സംസ്ഥാനത്തെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ പരമോന്നത കോടതിയുടെ ഉത്തരവുപ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനു മുന്നോടിയായി ഐ.എം.ജി. യിൽ 23-02-2018-ന് കൂടിയാലോചന യോഗം സംഘടിപ്പിച്ചു. മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദിനുപുറമെ ദേശീയ-സംസ്ഥാനതലത്തിൽ ബാലാവകാശസംരക്ഷണ പ്രവർത്തനങ്ങളിൽവിദഗ്ദ്ധരായ ശ്രീ. നിഖിൽ ഡേ (രാജസ്ഥാൻ), ഡോ. സൗമ്യ

(തെലങ്കാന), ഡോ. ധീരജ (ഹൈദരാബാദ്) എന്നിവരും പങ്കെടുത്തു. ഇതിന്റെ തുടർച്ച യായി കമ്മീഷൻ ആസ്ഥാനത്ത് രണ്ടാമതൊരു കൂടിയാലോചനാ യോഗവും സംഘടി പ്പിക്കുകയുണ്ടായി.

### 7.3.2. മറ്റു കൂടിയാലോചനായോഗങ്ങൾ

* പൊതു അക്കാദമിക് കലണ്ടർ പിന്തുടരാത്ത സ്കൂളുകളെ അതിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി എ.ഇ.ഒ.-ഡി.ഇ.ഒ.മാരെ പങ്കെടുപ്പിച്ച് നട ത്തിയ കൂടിയാലോചനായോഗം.
* സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിലുള്ള കുട്ടികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച കൂടിയാലോചനായോഗം.
* പോക്സോ, ബാലനീതി നിയമങ്ങളുടെ നടത്തിപ്പും നിരീക്ഷണവും, പോക്സോ കേസുമായി ബന്ധപ്പെട്ട വിവരശേഖരണവും സംബന്ധിച്ച് ചൈൽഡ് വെൽഫയർ കമ്മിറ്റികളുമായി നടത്തിയ കൂടിയാലോചനായോഗം.
* വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നാലാമത്തെ കൂടിയാലോചനായോഗം

ഇവയിന്മേൽ സർക്കാർ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ഈ ശുപാർശകൾ/ റിപ്പോർട്ടുകൾ അടിയന്തിരപ്രാധാന്യത്തോടെ സർക്കാർ പരിഗണിക്കുമെന്നും അതിനനുസൃതമായ ഉത്തരവുകൾ എത്രയും വേഗം പുറപ്പെടുവിക്കുമെന്നും കമ്മീഷൻ കരുതുന്നു.

### 7.3.3. നൊബേൽ ജേതാവ് കൈലാഷ് സത്യാർത്ഥിക്ക് സ്വീകരണം

കുട്ടികൾക്കെതിരായി വർധിച്ചു വരുന്ന അതിക്രമങ്ങൾക്കെതിരേ സന്ധിയി ല്ലാത്ത യുദ്ധം പ്രഖ്യാപിച്ച് നൊബേൽ ജേതാവും സാമൂഹിക പ്രവർത്തകനുമായ കൈലാഷ് സത്യാർഥി നടത്തിയ ഭാരതയാത്രയ്ക്ക് സംസ്ഥാന ബാലാവകാശ സംര ക്ഷണ കമ്മീഷൻ സ്വീകരണം നൽകി. 2017 സെപ്തംബർ 12-ന് തിരുവനന്തപുരം ടാഗോർ തീയറ്ററിൽ സംഘടിപ്പിച്ച ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. "സുരക്ഷിതമായ കുട്ടിക്കാലം, സുരക്ഷിത ഭാരതം" എന്ന മുദ്രാവാക്യ മുയർത്തിയാണ് സത്യാർത്ഥി ഭാരതയാത്ര നടത്തിയത്.

കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യൂക്കേഷൻ, ബച്പൻ ബചാവോ അന്തോളൻ എന്നീ സംഘടനകളുമായി ചേർന്നാണ് സ്വീകരണച്ചടങ്ങ്

സംഘടിപ്പിച്ചത്. ബാലവേലയിൽ നിന്ന് മോചിപ്പിക്കപ്പെട്ട 120 കുട്ടികളുമായാണ് സത്യാർത്ഥി ഭാരതയാത്ര നടത്തിയത്. ഇതോടനുബന്ധിച്ച് കമ്മീഷൻ അറുനൂറോളം സ്കൂൾ കുട്ടികൾ പങ്കെടുത്ത സംവാദം സംഘടിപ്പിച്ചു. ബാലാവകാശ പാലനരംഗത്തുള്ള മുന്നൂറോളം ബന്ധപ്പെട്ടവരും സംവാദത്തിൽ പങ്കെടുത്തു. കുട്ടികളുമായി സത്യാർത്ഥി സംവദിച്ചു. ചീഫ് സെക്രട്ടറി ഡോ. കെ.എം എബ്രഹാം അദ്ധ്യക്ഷനായിരുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ, വനിത ശിശുവികസന മന്ത്രി കെ.കെ ശൈലജ ടീച്ചർ എന്നിവരും കുട്ടികളുമായി സംവദിക്കാൻ എത്തി. ബാലപീഡനംപോലെ കുട്ടികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ വച്ചുപൊറുപ്പിക്കില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

'സുരക്ഷിതമായ കുട്ടിക്കാലം, സുരക്ഷിത ഭാരതം' എന്ന മുദ്രാവാക്യവുമായി കന്യാകുമാരിയിൽ നിന്നാരംഭിച്ച ഭാരത് യാത്ര ലക്ഷ്യം നേടുമെന്ന് സത്യാർഥി പറഞ്ഞു. കന്യാകുമാരിയിൽ നിന്ന് വിവിധ സംസ്ഥാനങ്ങളിലൂടെ പതിനോരായിരം കിലോമീറ്റർ സഞ്ചരിച്ച് റാലി ഡൽഹിയിൽ സമാപിച്ചു.

### 7.4 സന്ദർശനങ്ങൾ

പാർശ്വവൽക്കരിക്കപ്പെട്ടവരും പ്രതികൂലാവസ്ഥയിലുള്ളവരുമായ കുട്ടികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തേണ്ടതും ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ കാര്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതും കമ്മീഷന്റെ കർത്തവ്യങ്ങളാണ്. ഇത്തരം പ്രശ്നങ്ങൾ നേരിൽക്കണ്ട് വിലയിരുത്തുന്നതും ബന്ധപ്പെട്ട പദ്ധതിപ്പങ്കാളികളെയും ജനപ്രതിനിധികളെയും സന്നദ്ധസംഘടനാപ്രതിനിധികളെയും ഉൾപ്പെടുത്തി പ്രശ്നങ്ങളുടെ സങ്കീർണ്ണതകൾ ആഴത്തിൽ പഠിക്കുകയും അവയ്ക്ക് ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുന്നതും കമ്മീഷന്റെ കർത്തവ്യമാണ്. ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ നിരവധി സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്. ഇത്തരം സന്ദർശനവേളകളിൽ ജില്ലാ ആസ്ഥാനത്ത് പദ്ധതിപ്പങ്കാളികളെ ക്ഷണിച്ചുവരുത്തി അവരുടെ അഭിപ്രായങ്ങൾകേൾക്കാനും കമ്മീഷൻ സമയം കണ്ടെത്തുന്നുണ്ട്. ബാലാവകാശസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും സന്നദ്ധസംഘടനകളും ഉന്നയിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം ജില്ലകളിലെ പ്രത്യേക പരിതസ്ഥിതിയും ആവശ്യങ്ങളും മനസ്സിലാക്കാനും ഇത്തരം യോഗങ്ങളിലൂടെ കഴിയുന്നു. തിരുവനന്തപുരം, തൊടുപുഴ (ഇടുക്കി), കോഴിക്കോട്, എറണാകുളം, കോട്ടയം, ആലപ്പുഴ, മലപ്പുറം, തൃശ്ശൂർ, വയനാട്, പത്തനംതിട്ട, പാലക്കാട്, കാസർകോട്, കണ്ണൂർ എന്നിവിടങ്ങളിൽ റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ സന്ദർശനം നടത്തുകയും ഇത്തരം യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സംവാദം ഉൾപ്പെടെയുള്ള പരിപാടികൾക്കായി വിവിധ ജില്ലകളിൽ സന്ദർശനം നടത്തുന്ന വേളയിൽ കുട്ടികളെ പാർപ്പിച്ചിരിക്കുന്ന വിവിധ ഹോമുകളും ഹോസ്റ്റലുകളും മറ്റും സന്ദർശിക്കുന്നതിനും അവരുടെ പരാതികളും അഭിപ്രായങ്ങളും നേരിട്ടു കേൾക്കുന്നതിനും കമ്മീഷൻ പ്രത്യേകശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. കമ്മീഷന് ലഭിക്കുന്ന പരാതിയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ നേരിട്ട് പരിശോധിക്കുന്നതിനും ഇത്തരം സന്ദർശനങ്ങൾ അവസരമൊരുക്കുന്നു.

## 8. നിരീക്ഷണ അധികാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് 2009 (ആർ.റ്റി.ഇ. ആക്റ്റ്), ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 എന്നീ കേന്ദ്ര നിയമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ചുമതലയും കമ്മീഷനുണ്ട്. മേൽപ്പറഞ്ഞ ഓരോ ആക്റ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

### 8.1 സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ. ആക്റ്റ്) പ്രകാരമുള്ള പ്രവർത്തനങ്ങൾ

8.1.1. ആർ.റ്റി.ഇ. ആക്റ്റിലെ 31-ാം വകുപ്പ് പ്രകാരം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം സംബന്ധിച്ച നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതുമായി ബന്ധപ്പെട്ട കർത്തവ്യ നിർവ്വഹണത്തിനായി കമ്മീഷനിൽ ഒരു ആർ.റ്റി.ഇ.സെൽ രൂപീകരിച്ചിട്ടുണ്ട്. ആർ.റ്റി.ഇ. സെല്ലിന്റെ മുഖ്യചുമതലകൾ ചുവടെ ചേർക്കുന്നു:-

- 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കുന്നതനുസരിച്ച് ആർ.റ്റി.ഇ. ആക്റ്റിലെ വ്യവസ്ഥകളും അതുപ്രകാരമുള്ള ഭൗതിക സൗകര്യങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക, എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുക, വിദ്യാർത്ഥി-അധ്യാപക അനുപാതം അനുസരിച്ചുള്ള അധ്യാപകരുടെ നിയമനം, കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാ

ഭ്യാസം തുടങ്ങി ആക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ള എല്ലാ വ്യവസ്ഥകളും പരമാവധി ഉറപ്പു വരുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.

- വിവിധ പദ്ധതിപ്പങ്കാളികൾക്കിടയിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം ഭരണഘടനാപരമായി അവരുടെ മൗലികാവകാശമാണെന്ന അവബോധം കൂടുതൽ സൃഷ്ടിക്കുകയും അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യുക.
- കമ്മീഷന് നേരിട്ട് ലഭിക്കുന്ന പരാതികളുടെയും സ്വമേധയാ കൈക്കൊള്ളുന്ന നടപടികളുടേയും അടിസ്ഥാനത്തിൽ നടത്തുന്ന അന്വേഷണവിചാരണയിൽ പരിഹാരം ആവശ്യമായ കാര്യങ്ങളിൽ സർക്കാരിനും വിദ്യാഭ്യാസവകുപ്പിനും ശുപാർശകൾ നൽകുന്നതിനു വേണ്ട സാങ്കേതിക സഹായങ്ങൾ നൽകുക.
- വിദ്യാഭ്യാസ അവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസം, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പുകൾ, എസ്.എസ്.എ., ആർ.എം.എസ്.എ., എസ്.സി.ഇ.ആർ.റ്റി., തദ്ദേശസ്വയംഭരണം (പഞ്ചായത്ത്/നഗരകാര്യ വകുപ്പുകൾ), പട്ടികജാതി/പട്ടികവർഗ്ഗ വികസനം തുടങ്ങിയ പദ്ധതിപ്പങ്കാളികളെ പങ്കെടുപ്പിച്ചുകൊണ്ട് ത്രൈമാസ അവലോകനയോഗങ്ങൾ സംഘടിപ്പിക്കുക.
- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികൾ, പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾ എന്നിവരുടെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പുവരുത്തുക.

8.1.2 ട്രെയിനിംഗ് മോഡ്യൂളുകൾ

- ബാലാവകാശം അദ്ധ്യാപകരിലൂടെ
- ലഹരിരഹിത സ്കൂൾ പരിസരം

8.1.3 മുസ്ലീം കലണ്ടർ അവലോകന യോഗം

## 8.2 കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്) പ്രകാരമുള്ള പ്രവർത്തനങ്ങൾ

പോക്സോ ആക്റ്റിലെ 44-ാം വകുപ്പ് പ്രകാരം പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിപരവും സാമൂഹികവുമായ വികാസം സാദ്ധ്യമാക്കുന്നതോടൊപ്പം സ്നേഹപൂർണ്ണവും ശിശുസൗഹാർദ്ദപരവുമായ സമീപനം നിയമപരമായ നടപടികളിലും വിചാരണവേളകളിലും ഉറപ്പുവരുത്തുന്നതിനുമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് പോക്സോ നിയമ നിർമ്മാണം പാർലമെന്റ് നടത്തിയിട്ടുള്ളത്.

പോക്സോ നിയമപ്രകാരം പോലീസ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യൂ.സി), പ്രത്യേക കോടതികൾ (സ്പെഷ്യൽ കോടതികൾ) എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതും കമ്മീഷന്റെ ചുമതലയാണ്. ഇവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിനായി നിശ്ചിത ഫോറങ്ങൾ കമ്മീഷൻ ചിട്ടപ്പെടുത്തുകയും വിവരങ്ങൾ ശേഖരിച്ചുവരികയും ചെയ്യുന്നു. ഇതിനുപുറമെ, കുറ്റകൃത്യത്തിനിരയാകുന്ന കുട്ടികൾക്ക് പോക്സോ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം കേരള വിക്റ്റിം കോംപൻസേഷൻ സ്കീമിൽനിന്ന് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് നഷ്ടപരിഹാര വിതരണച്ചുമതലയുള്ള ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളിൽനിന്ന് കമ്മീഷൻ ശേഖരിക്കുകയും കുട്ടികൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

- **SCRB** : സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും റിപ്പോർട്ടു ചെയ്യപ്പെടുന്ന പോക്സോ നിയമപ്രകാരമുള്ള കേസുകൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആയി ശേഖരിച്ച് വിശകലനം ചെയ്ത് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. ഓൺലൈനായി വിവിരങ്ങൾ ശേഖരിക്കുന്നതിനും ഡാഷ് ബോർഡ് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- **CWC**: ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പുനരധിവാസം ഫലപ്രദമായി നടപ്പിലാക്കുന്നതിനുമായി പ്രവർത്തിക്കുന്ന CWC കളിൽ നിന്നുള്ള വിവരങ്ങൾ എല്ലാ മാസവും കമ്മീഷൻ ശേഖരിക്കുന്നുണ്ട്. ഓൺലൈൻ വിവരശേഖരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- **സ്പെഷ്യൽ കോടതികൾ (കുട്ടികളുടെ കോടതികൾ)**: പോക്സോ കേസുകളുടെ വിചാരണ വിവരങ്ങൾ പ്രത്യേക കോടതികളുമായി ബന്ധപ്പെട്ട് ശേഖരിക്കുന്നതിന് ഹൈക്കോടതിയുടെ അനുമതി കമ്മീഷനു ലഭിച്ചി

ട്ടുണ്ട്. ഓൺലൈനായി വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള അനുവാദത്തിനായി ഹൈക്കോടതിയുമായി ബന്ധപ്പെട്ട് ശ്രമിച്ചു വരുന്നു.

- **ലീഗൽ സർവ്വീസസ് അതോറിറ്റി:** കുറ്റകൃത്യത്തിനിരയാകുന്ന കുട്ടികൾക്ക് പോക്സോ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം കേരള വിക്ടിം കോമ്പൻസേഷൻ സ്കീമിൽ നിന്ന് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച സ്ഥിതിവിവര കണക്ക് ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ നിന്നും ശേഖരിക്കുകയും കുട്ടികൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

പോക്സോ കേസുകളുടെ നിരീക്ഷണത്തിന്റെ ഫലമായി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പോലീസ്, പ്രത്യേക കോടതികൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ലീഗൽ സർവ്വീസസ് അതോറിറ്റി, ഡോക്ടർമാർ, കൗൺസിലർമാർ, പോക്സോ കേസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റു കർത്തവ്യവാഹകർ എന്നിവർക്കായി കൂടിയാലോചനായോഗങ്ങളും പരിശീലന പരിപാടികളും നടത്തി വരുന്നു.

## <u>സംസ്ഥാന പോലീസിൽനിന്ന് ലഭ്യമായ വിവരങ്ങൾ</u>

പോക്സോ കേസുകൾ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി സംസ്ഥാന പോലീസുമായി ചേർന്ന് ഒരു പ്രൊഫോർമയിൽ വിവരശേഖരണ സംവിധാനം കമ്മീഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന പോക്സോ നിയമപ്രകാരമുള്ള കേസുകൾ സംബന്ധിച്ച വിവരങ്ങൾ ജില്ലകളിൽ നിന്ന് ശേഖരിച്ച് കമ്മീഷന് ലഭ്യമാക്കാൻ സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിലെ പോലീസ് ഇൻസ്പെക്ടർ ജനറലിനെ സംസ്ഥാന പോലീസ് മേധാവി ചുമതലപ്പെടുത്തിയിട്ടുണ്ട്. പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച വിവരങ്ങൾ കമ്മീഷൻ തയ്യാറാക്കിയ നിശ്ചിതമാതൃകയിലുള്ള പട്ടികയിൽ ഓൺലൈനായി പോലീസ് ലഭ്യമാക്കിവരുന്നുണ്ട്. ഇപ്രകാരം വിവരങ്ങൾ ലഭ്യമാകുന്നതിൽ പുരോഗതി ഉണ്ടെങ്കിലും ചില കാര്യങ്ങളിൽ അവ്യക്തത നിലനിൽക്കുന്നു.

**<u>2013 മുതൽ 2017 വരെ (കലണ്ടർ വർഷം പ്രകാരം) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ വിവരം</u>**




2017 ജനുവരി മുതൽ ഡിസംബർ വരെ സംസ്ഥാനത്തൊട്ടാകെ 2,697 പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പോലീസിൽനിന്ന് ലഭ്യമായ വിവരങ്ങളെ അപഗ്രഥിച്ചതിൽനിന്നും പോക്സോ കുറ്റകൃത്യങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള താരതമ്യം താഴെ കാണിക്കും പ്രകാരമാണ്.




മേൽപ്പറഞ്ഞ കാലയളവിൽ ലഭ്യമായ 2,697 കേസുകൾ കമ്മീഷൻ വിശകലനം ചെയ്തപ്പോൾ കുറ്റകൃത്യം ചെയ്ത 2,910 പ്രതികളിൽ 1,998 പേർ കുട്ടികൾക്ക് അടുത്തറിയാവുന്നവരാണെന്ന് വ്യക്തമാകുകയുണ്ടായി. ഇതിൽ അയൽക്കാർ 681 പേർ (23%), കുടുംബാംഗങ്ങൾ[1] 224 (8%), ബന്ധുക്കൾ[2] 209 (7%), വാൻ-ബസ്-ഓട്ടോ ഡ്രൈവർമാർ

---

[1] അച്ഛൻ, രണ്ടാനച്ഛൻ, സഹോദരൻ, അമ്മ, വളർത്തച്ഛൻ, അർദ്ധസഹോദരൻ, മുത്തച്ഛൻ

[2] അമ്മാവൻ, സഹോദരീഭർത്താവ്, മുത്തച്ഛന്റെ സഹോദരൻ, അമ്മയുടെ അമ്മാവൻ, അച്ഛന്റെ സഹോദരപുത്രൻ

59 (2%), കമിതാക്കൾ 179 (6%), സുഹൃത്തുക്കൾ 340 (12%), അദ്ധ്യാപകർ[3] 110 (4%), പരിചയക്കാർ[4] 196 (7%) എന്നിങ്ങനെയാണ് കുറ്റകൃത്യത്തിനിരയായ കുട്ടികളും പ്രതികളും തമ്മിലുള്ള ബന്ധം. ഇതിൽനിന്നും കുട്ടികൾക്ക് സുരക്ഷിതം ഉറപ്പാക്കുന്നതിൽ മാതാപിതാക്കളും, സർക്കാരും, പോലീസും, പൊതുസമൂഹവുമെല്ലാം ഒരുപോലെ ഉത്തരവാദിത്വപ്പെട്ടിരിക്കുന്നുവെന്നും അത്തരം ഉത്തരവാദിത്വം വീഴ്ച കൂടാതെ നിർവ്വഹിച്ചെങ്കിൽ മാത്രമേ കുട്ടികളുടെ സുരക്ഷിതത്വവും വികാസവും നമുക്ക് ഉറപ്പാക്കാനാകൂ എന്ന് വെളിവാകുന്നു.

സംസ്ഥാന പോലീസ് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, 31 ശതമാനം കുറ്റവാളികൾ കുറ്റകൃത്യത്തിന് ഇരയായ കുട്ടികൾക്ക് നേരിട്ട് പരിചയം ഇല്ലാത്തവരാണ്. ഇതിൽ 208 അപരിചിതരും (7%), ബന്ധം വ്യക്തമല്ലാത്ത (പോലീസ് നൽകിയ റിപ്പോർട്ടിൽ ബന്ധം വ്യക്തമാക്കിയിട്ടില്ല) 704 പേരും (24%) ഉൾപ്പെടുന്നു. ലൈംഗികകുറ്റകൃത്യങ്ങൾക്ക് വഴിവെയ്ക്കാവുന്ന സാഹചര്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കേണ്ടതും അത്തരം പ്രശ്നങ്ങളിൽ അകപ്പെടാതിരിക്കുവാൻ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് അവരെ ജാഗരൂകരാക്കേണ്ടതും ഏറ്റവും അത്യന്താപേക്ഷിതവും സമൂഹത്തിന്റെ പൊതു ഉത്തരവാദിത്തവുമാണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. ശാശ്വതവും സമാധാനപൂർണ്ണവും കെട്ടുറപ്പുള്ളതുമായ കുടുംബാന്തരീക്ഷവും ബന്ധങ്ങളും ഉണ്ടാകേണ്ടതിന്റെ ആവശ്യകതയാണ് ഇത്തരം കുറ്റകൃത്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത്.

**കുറ്റകൃത്യത്തിനിരയായ കുട്ടികളും പ്രതികളും തമ്മിലുള്ള ബന്ധം**




[3] സ്കൂൾ-ട്യൂഷൻ-മത അദ്ധ്യാപകർ

[4] ഡ്രൈവർ, ബസ് ഡോർ ചെക്കർ/ക്ലീനർ, കണ്ടക്ടർ, അമ്മയുടെ കാമുകൻ, കെയർ ടേക്കർ, അച്ഛന്റെ സുഹൃത്ത്, ഡോക്ടർ, കടയുടമ, പ്യൂൺ

2017 ജനുവരി മുതൽ ഡിസംബർ വരെ പോലീസ് 2697 കേസുകൾ സംസ്ഥാനത്തൊട്ടാകെ റിപ്പോർട്ട് ചെയ്തതിൽ 2,702 കുട്ടികൾ ലൈംഗികാതിക്രമങ്ങൾക്ക് വിധേയരായിട്ടുണ്ട്. കുട്ടികളുടെ പ്രായം മാനദണ്ഡമാക്കിയുള്ള വിശകലനം സംബന്ധിച്ച രേഖാചിത്രം ചുവടെ ചേർക്കുന്നു.




15-18 പ്രായപരിധിയിലുള്ള 1,401 കുട്ടികളും, 10-14 പ്രായപരിധിയിലുള്ള 859 കുട്ടികളും കഴിഞ്ഞ വർഷം ലൈംഗികാതിക്രമത്തിന് ഇരയായി. കൗമാരക്കാരായ കുട്ടികൾക്കുമേൽ മാതാപിതാക്കളും അധികാരികളും സവിശേഷശ്രദ്ധ നൽകേണ്ടതിന്റെ ആവശ്യകതയാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

പ്രതികളിൽ 95% (2,765) പുരുഷന്മാരും 3% (78) പേർ സ്ത്രീകളുമാണ്. (പോലീസിന്റെ റിപ്പോർട്ടിൽനിന്ന് 2% (67) പേരുടെ വിവരങ്ങൾ വ്യക്തമല്ല) പ്രതികളെ ലിംഗാടിസ്ഥാനത്തിൽ വിശകലനം ചെയ്തതിന്റെ രേഖാചിത്രം ചുവടെ ചേർക്കുന്നു.



## ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ നിന്ന് ലഭ്യമായ വിവരങ്ങൾ

പോക്സോ നിയമം നടപ്പാക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കുന്ന മറ്റൊരുവിഭാഗം ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യൂ.സി.)കളാണ്. പോക്സോ കുറ്റകൃത്യങ്ങൾ പോലീസ്, സി.ഡബ്ല്യൂ.സി.കൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇവയിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടികളെ നിർബന്ധമായും സി.ഡബ്ല്യൂ.സി. മുമ്പാകെ പോലീസ് ഹാജരാക്കേണ്ടതുമാണ്. കുട്ടിക്ക് സഹായത്തിന് ആവശ്യമായ ഒരു വ്യക്തിയെ (സപ്പോർട്ട് പേഴ്സൺ) ചുമതലപ്പെടുത്തേണ്ടതും സി.ഡബ്ല്യൂ.സി.യുടെ ഉത്തരവാദിത്തമാണ്. ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതും അവരുടെ ശ്രദ്ധയ്ക്കായി വ്യക്തിഗത സംരക്ഷണപദ്ധതി (ഇൻഡിവിഡ്യുൽ കെയർ പ്ലാൻ) ആവിഷ്കരിക്കാൻ ബന്ധപ്പെട്ട ബാലസംരക്ഷണ മന്ദിരത്തിന്റെ സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നതും കുട്ടിയുടെ പുനരധിവാസം നടത്തുന്ന വേളയിൽ ഇത് നടപ്പാക്കുന്ന കാര്യം വിലയിരുത്തുന്നതും സി.ഡബ്ല്യൂ.സിയിൽ നിക്ഷിപ്തമായ ചുമതലയാണ്.

കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ സംബന്ധിച്ച വിവരം പോക്സോ നിയമം 19(6) വകുപ്പ്, പോക്സോ ചട്ടം 4(3) അനുശാസിക്കുന്നപ്രകാരം പോലീസ് നിർബന്ധമായും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മുകളിൽ സൂചിപ്പിച്ചത് പ്രകാരം 2,697 കേസുകൾ സംബന്ധിച്ച വിവരമാണ് കമ്മീഷന് പോലീസ് ലഭ്യമാക്കിയത്. എന്നാൽ, ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ നിന്ന് കമ്മീഷൻ ശേഖരിച്ച വിവരത്തിൽ 1,215 കേസുകളെ സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. പോക്സോ ആക്റ്റ് പ്രകാരമുള്ള മുഴുവൻ കേസുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് പോലീസ് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

2016-ലെ ബാലനീതി മാതൃകാചട്ടങ്ങളിലെ ചട്ടം 19 (4) പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള ഓരോ കുട്ടിക്കും അനുയോജ്യമായ വ്യക്തിഗത സംരക്ഷണ പദ്ധതി (ഇൻഡിവിജുവൽ കെയർ പ്ലാൻ) നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ശിശുസംരക്ഷണ സ്ഥാപനങ്ങൾക്ക് നൽകേണ്ടത് സി.ഡബ്ല്യു.സികളുടെ ഉത്തരവാദിത്തമാണ്. ഈ വിഭാഗത്തിൽപെട്ട കുട്ടികളുടെ പുനരധിവാസം ഉറപ്പാക്കുന്നത് ബാലനീതിനിയമം വകുപ്പ് 30 (vi)പ്രകാരമാണ്. ഇതേനിയമത്തിലെ വകുപ്പ് 30 (iii), ചട്ടം 19 (3) എന്നിവ പുനരധിവസിപ്പിക്കപ്പെടേണ്ട ഓരോ കുട്ടിക്കും സോഷ്യൽ ഇൻവെസ്റ്റിഗേഷൻ നടത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

അതുപോലെ, ചട്ടം 19 (18) പ്രകാരം കുറഞ്ഞത് ഒരുവർഷമെങ്കിലും കേസിനുശേഷം ഈ കുട്ടികളുടെ കാര്യങ്ങൾ അന്വേഷിക്കേണ്ടതുണ്ട്.

**2017 ഡിസംബർ വരെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ സംരക്ഷണയിൽ സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിലായി 964 കുട്ടികൾ താമസിക്കുന്നു. 2017-ൽ പുനരധിവസിപ്പിക്കപ്പെട്ട കുട്ടികളിൽ 237 കുട്ടികൾക്ക് സോഷ്യൽ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുള്ളതായും 2017-ൽ 225 കേസുകളിൽ ഐ.സി.പി. സംബന്ധിച്ച് ത്രൈമാസ തുടർറിപ്പോർട്ടുകളും ഉൾപ്പെടുത്തിയിട്ടുള്ളതായുമാണ് ചൈൽഡ് വെൽഫയർ കമ്മിറ്റികളിൽനിന്നും ലഭിച്ച പ്രതിമാസ റിപ്പോർട്ടുകളിൽനിന്നും മനസ്സിലാക്കുന്നത്.**

**ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പോലീസും നൽകിയ ആകെ കേസുകളുടെ വിവരം**




## <u>കുട്ടികളുടെ കോടതിയിൽനിന്ന് ലഭ്യമായ വിവരങ്ങൾ</u>

പോക്സോ കേസുകളുടെ വിചാരണവിവരങ്ങൾ പ്രത്യേക കോടതികളുമായി ബന്ധപ്പെട്ട് ശേഖരിക്കുന്നതിന് ഹൈക്കോടതിയുടെ അനുമതി കമ്മീഷന് ലഭിച്ചിട്ടുണ്ട്.

## കുട്ടികളുടെ കോടതി/പ്രത്യേക കോടതികളിലെ പോക്സോ കേസുകൾ സംബന്ധിച്ച 2017 വർഷത്തെ സ്ഥിതിവിവര കണക്ക്

| കുട്ടികളുടെ കോടതി/ പോക്സോ പ്രത്യേക കോടതി | ആകെ കേസുകളുടെ എണ്ണം | തീർപ്പാക്കിയ കേസുകൾ | | തീർപ്പാക്കിയ കേസുകളിൽ | | | | തീർപ്പാക്കാനുള്ള കേസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| | | എണ്ണം | ശതമാനം | ശിക്ഷിച്ചവ | വെറുതെ വിട്ടവ | 5 & 6 കോളങ്ങളിൽ പറയുന്ന വിധമല്ലാതെ തീർപ്പായവ | *നഷ്ടപരിഹാരം അനുവദിക്കപ്പെട്ട കേസുകളുടെ എണ്ണം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| തിരുവനന്തപുരം | 803 | 62 | 8 | 8 | 42 | 12 | 1 | 741 |
| കൊല്ലം | 478 | 120 | 25.1 | 9 | 105 | 6 | 0 | 358 |
| പത്തനംതിട്ട | 254 | 50 | 19.6 | 10 | 37 | 3 | 0 | 204 |
| ആലപ്പുഴ | 250 | 6 | 2.4 | 1 | 2 | 3 | 0 | 244 |
| കോട്ടയം | 397 | 10 | 2.5 | 1 | 6 | 3 | 0 | 387 |
| തൊടുപുഴ (ഇടുക്കി) | 411 | 55 | 13.3 | 7 | 45 | 3 | 0 | 356 |
| എറണാകുളം | 409 | 189 | 46.2 | 41 | 136 | 12 | 6 | 220 |
| തൃശ്ശൂർ | 612 | 19 | 3.1 | 7 | 5 | 7 | 4 | 593 |
| പാലക്കാട് | 414 | 48 | 11.5 | 15 | 29 | 4 | 0 | 366 |
| മഞ്ചേരി (മലപ്പുറം) | 561 | 39 | 6.9 | 16 | 13 | 10 | 18 | 522 |
| കോഴിക്കോട് | 433 | 109 | 25.1 | 10 | 88 | 11 | 1 | 324 |
| കല്പറ്റ (വയനാട്) | 255 | 51 | 20 | 8 | 40 | 3 | 6 | 204 |
| തലശ്ശേരി (കണ്ണൂർ) | 396 | 12 | 4.05 | 2 | 3 | 7 | 2 | 384 |
| കാസർഗോഡ് | 309 | 58 | 18.7 | 5 | 49 | 4 | 0 | 251 |
| **ആകെ** | **5982** | **828** | **13.84** | **140** | **600** | **88** | **38** | **5154** |

*** 2017 – ൽ കുട്ടികൾക്ക് നഷ്ടപരിഹാരം നൽകാൻ കോടതി ഉത്തരവിട്ട കേസുകൾ.**

പോക്സോ ആക്റ്റ്, 2012-ൽ വിഭാവനം ചെയ്തിരിക്കുന്ന തരത്തിൽ കേസുകൾ തീർപ്പാക്കുന്നതിൽ ഉള്ള കാലതാമസം, വിക്റ്റിം കോംപൻസേഷൻ സ്കീമിനെക്കുറിച്ചുള്ള ബോധവൽക്കരണം, കോടതികളിലെ ബാലസൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തൽ എന്നിവ സംബന്ധിച്ച കമ്മീഷന്റെ ആശങ്കകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുമായിപങ്കുവെച്ചിട്ടുണ്ട്.

### പോക്സോ നിയമത്തിന്റെ നടത്തിപ്പിൽ കമ്മീഷൻ നേരിടുന്ന വെല്ലുവിളികൾ

- നിരീക്ഷണ പ്രക്രിയയുടെ ഫലമായി വിവിധ കർത്തവ്യവാഹകരിൽ നിന്ന് കമ്മീഷന് ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്ത്, കണ്ടെത്തുന്ന പോരായ്മകൾ സർക്കാരിന്റെയും, പോലീസ്, കോടതി, ബന്ധപ്പെട്ട മറ്റ്

അധികാരികൾ എന്നിവരുടെയും ശ്രദ്ധയിൽപ്പെടുത്തുകയും പോക്സോ നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ശുപാർശകൾ നൽകുകയും ചെയ്തുവരുന്നു. എന്നാൽ സമയബന്ധിതമായി പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ലായെന്നതും ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് വേണ്ട സഹകരണം ലഭിക്കുന്നില്ലായെന്നതുമാണ് കമ്മീഷൻ നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളി.

- പോക്സോ കേസുകളുടെ നടത്തിപ്പിൽ പങ്കാളികളാവുന്ന കർത്തവ്യവാഹകരിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ഏകീകൃത സ്വഭാവത്തിലുള്ളതല്ലായെന്നതിനാലും പ്രൊഫോർമയിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും ലഭിക്കാതിരിക്കുന്നതിനാലും കമ്മീഷൻ ശേഖരിക്കുന്ന വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് കമ്മീഷന് കഴിയാതെ വരുന്നു.
- പോക്സോ ആക്റ്റ്, 2012-ൽ വിഭാവനം ചെയ്തിരിക്കുന്ന തരത്തിൽ സ്പെഷ്യൽ കോടതികളിൽ കേസുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പിലാക്കുന്നതിൽ നിലനിൽക്കുന്ന അവ്യക്തത, കോടതികളിലെ ബാലസൗഹൃദാന്തരീക്ഷത്തിന്റെയും പോക്സോ കേസുകൾക്കു മാത്രമായി പരിശീലനം സിദ്ധിച്ച സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും അഭാവം എന്നിവ ഈ ആക്റ്റിന്റെ ഫലപ്രദമായ നടത്തിപ്പിലെ വെല്ലുവിളികളായി കണ്ടെത്തിയിട്ടുണ്ട്.

പ്രാഥമികമായി പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതും നിയമാനുസരണം രൂപീകരിക്കപ്പെട്ട സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റാണെങ്കിലും (SJPU) ഇതുവരെ സംസ്ഥാനത്ത് എസ്.ജെ.പി.യു.വിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. ഇത് സമയബന്ധിതമായി കേസന്വേഷണം പൂർത്തിയാക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും കുട്ടികൾക്ക് ബാലസൗഹൃദപരമായ സമീപനം ലഭിക്കാതെ വരുന്ന സാഹചര്യവും ഉണ്ടാകുന്നു.

**<u>പ്രവർത്തനങ്ങൾ</u>**

1. സ്പർശന വൈകൃതങ്ങൾ കുട്ടികളിലുണ്ടാക്കുന്ന അസ്വസ്ഥതകളും അരക്ഷിതത്വവും സംബന്ധിച്ച ശിൽപ്പശാല

   കുട്ടികളെ സംരക്ഷിക്കേണ്ടത് സമൂഹത്തിൽ ഓരോ പൗരന്റേയും ഉത്തരവാദിത്വമാണ്. ഈ ഉത്തരവാദിത്വത്തിന്റെ ഗൗരവത്തെപ്പറ്റി ആളുകൾ ബോധവാന്മാരല്ലാ

യെന്നാണ് നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ മേലുള്ള ലൈംഗികാതിക്രമങ്ങൾ തെളിയിക്കുന്നത്. സ്പർശനങ്ങളിലെ ലൈംഗികതയും സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റവും സംബന്ധിച്ച് തുറന്ന ചർച്ച ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ സ്കൂളുകൾക്ക് വളരെ പ്രധാന പ്പെട്ട ചുമതലയുണ്ട്. അതിനാൽ സ്കൂൾ പാഠ്യപദ്ധതിയിൽ 'നല്ല സ്പർശനവും ചീത്ത സ്പർശനവും' (Good Touch, Bad Touch) തിരിച്ചറിയുന്നതിനും സ്വയം സംരക്ഷിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്ന തരത്തിലുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തുകയും അദ്ധ്യാപകരെ ശാക്തീകരിക്കുകയും ചെയ്യുന്നതിന്, 03.01.2018 - ൽ കൂടിയ കമ്മീഷൻ യോഗ തീരുമാന പ്രകാരം, സ്കൂൾതലത്തിൽ 'Good Touch, Bad Touch' എന്താണ് എന്നതുൾപ്പെടെ sex education മായി ബന്ധപ്പെട്ട്, പ്രായത്തിനു അനുയോജ്യമായ തരത്തിലുള്ള ബോധവൽക്കരണം നൽകുന്നതിനായി ശിൽപ്പശാല നടത്തി.

2. "POCSO Act, 2012 & JJ Act, 2015" എന്നിവ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിൽ നടത്തിയ കൂടിയാലോചനായോഗം
3. ലൈംഗികാതിക്രമം തടയുന്നതിന് കുട്ടികളെ സജ്ജരാക്കുന്നതിന് കമ്മീഷന്റെ സഹായത്തോടെ നിർമ്മിച്ച "No, Go, Tell" എന്ന ലഘു ചിത്രം കമ്മീഷന്റെ വെബ്സൈറ്റിലും യൂട്യൂബിലും (Youtube) പ്രദർശിപ്പിച്ചു വരുന്നു.
4. സുരക്ഷിത സ്പർശം, അരക്ഷിത സ്പർശം, അനാവശ്യ സ്പർശം (Safe touch, unsafe touch, unwanted touch) സംബന്ധിച്ച ശില്പശാല.

## 8.3 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് (ജെ.ജെ. ആക്റ്റ്)

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലെ 104-ാം വകുപ്പ് പ്രകാരം ഈ കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കു ന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനാണ്. 2016 ജനുവരിയിലാണ് മേൽപ്പറഞ്ഞ നിയമം പ്രാബല്യത്തിൽ വന്നത്. ഈ നിയമ ത്തിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാന ത്തിലാണ് കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടത്. അപ്ര കാരമുള്ള സംസ്ഥാന ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ല. കമ്മീഷനിൽ ജെ.ജെ.സെൽ ആരം ഭിക്കുന്നതിന് ആവശ്യമായ ജീവനക്കാരുൾപ്പെടെയുള്ള സംവിധാനങ്ങൾ അനുവദിക്കു ന്നതിനായി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

1. സോഷ്യൽ ഓഡിറ്റ് - ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ
2. 'കേരളത്തിലെ കുട്ടികളുടെ മാനസികാരോഗ്യ ചികിത്സാ രംഗത്ത് സൗകര്യ ങ്ങൾ' കൂടിയാലോചനാ യോഗം.
3. ചൈൽഡ് റൈറ്റ്സ് വീക്ക് (കൈലാഷ് സത്യാർത്ഥി, ചൈൽഡ് റൈറ്റ് വാക്ക്)
4. കൗൺസിലേഴ്സ് മീറ്റ് - സംസ്ഥാനത്തെ സ്കൂളുകളിൽ പ്രവർത്തിക്കുന്ന കൗൺസിലർമാർക്കായി പ്രത്യേക പരിശീലനം
5. കാണാതായ കുട്ടികളുടെ വിവരശേഖരണം
6. ലഹരിരഹിത സ്കൂൾ പരിസരം-സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി പദാർത്ഥ ങ്ങളുടെ ഉപയോഗം ഫലപ്രദമായി തടയുന്നതിന് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി നടത്തിയ കൂടിയാലോചനായോഗം
7. ബാലസംരക്ഷണ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, ഫോസ്റ്റർകെയർ (2018)
8. കൈപ്പുസ്തകങ്ങൾ
    - സുരക്ഷിതബാല്യം
    - കുട്ടികളുടെ അവകാശങ്ങൾ
9. ലഘുലേഖ
    - സുരക്ഷിതബാല്യം
10. ബ്രോഷർ
    - ഫോസ്റ്റർകെയർ,
    - ബാലാവകാശ കമ്മീഷൻ

## 9. പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ

കമ്മീഷന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും പൊതുജ നാഭിപ്രായങ്ങൾക്കും പരാതികൾക്കും പുറമെ മാധ്യമവാർത്തകളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് ബാലാവകാശസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കു ന്നതിനുമായി കമ്മീഷനിൽ ഒരു പബ്ലിക് റിലേഷൻസ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കമ്മീഷൻ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച കാര്യങ്ങൾ പത്രക്കുറിപ്പുകളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നത് പബ്ലിക് റിലേഷൻസ് വിഭാഗമാണ്. കമ്മീഷന്റെ പ്രധാനപ്പെട്ട ഉത്തരവുകൾ കുട്ടികൾ ഉൾപ്പെടെ ഏവരുടേയും അറിവിലേയ്ക്കായി കമ്മീഷന്റെ വെബ്സൈറ്റിലും ഫേസ് ബുക്ക്, ടിറ്റർ എന്നിവയിലും പ്രസിദ്ധപ്പെടുത്തു ന്നതും പബ്ലിക് റിലേഷൻസ് വിഭാഗമാണ്.

കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ വിഭാഗം 2017-18-ൽ താഴെപ്പറയുന്ന പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

**9.1 പത്രക്കുറിപ്പുകൾ**

കമ്മീഷന്റെ ഉത്തരവുകൾ, അവയുടെ അടിസ്ഥാനത്തിൽ വിവിധ ഏജൻസികൾ നൽകിയ നടപടിക്കുറിപ്പുകൾ എന്നിവയുടെയും കമ്മീഷന്റെ സിറ്റിംഗുകൾ, സന്ദർശനങ്ങൾ, പരിപാടികൾ, കൂടിയാലോചനായോഗങ്ങൾ, ബാലാവകാശ വാരാചരണം എന്നിവയുടെയും അടിസ്ഥാനത്തിൽ 2017 ഏപ്രിൽ ഒന്നു മുതൽ 2018 മാർച്ച് വരെ വരെ 83 പത്രക്കുറിപ്പുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ പ്രതിമാസക്കണക്ക് താഴെ വിവരിക്കുന്ന വിധത്തിലാണ്. പത്രക്കുറിപ്പുകൾക്ക് അച്ചടി-ദൃശ്യ മാധ്യമങ്ങളിലൂടെ മികച്ച പ്രചാരം ലഭിക്കുകയുണ്ടായി.

| | | |
|---|---|---|
| 2017 | ഏപ്രിൽ | 6 |
| | മെയ് | 10 |
| | ജൂൺ | 12 |
| | ജൂലൈ | 9 |
| | ആഗസ്റ്റ് | 7 |
| | സെപ്റ്റംബർ | 5 |
| | ഒക്റ്റോബർ | 7 |
| | നവംബർ | 8 |
| | ഡിസംബർ | 1 |
| 2018 | ജനുവരി | 7 |
| | ഫെബ്രുവരി | 7 |
| | മാർച്ച് | 4 |
| | **ആകെ** | **83** |

**9.2 ദൃശ്യ-ശ്രാവ്യമാധ്യമ പ്രചാരണം**

കുട്ടികളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട് ദൂരദർശനിലൂടെയും സ്വകാര്യ ചാനലുകളിലൂടെയും കമ്മീഷൻ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും അഭിമുഖം, ഫോൺ ഇൻ പരിപാടി എന്നിവ സംപ്രേഷണം ചെയ്യുകയുണ്ടായി. കുട്ടികളുമായി ബന്ധപ്പെട്ട വിശേഷദിവസങ്ങളിൽ കമ്മീഷൻ ചെയർപേഴ്സൺ, അംഗങ്ങൾ എന്നിവരുടെ പ്രഭാഷണങ്ങൾ (ഇംഗ്ലീഷിലും മലയാളത്തിലും) കേരളത്തിലെ ആകാശവാണി നിലയങ്ങൾ പ്രക്ഷേപണം ചെയ്തു. കൂടാതെ, കമ്മീഷന്റെ ശ്രദ്ധേയമായ വിധികളെ അടിസ്ഥാനമാക്കി കേരളത്തിലെ വിവിധ എഫ്.എം. നിലയങ്ങളും പരിപാടികൾ അവതരിപ്പിച്ചു.

ബാലാവകാവാരത്തോടനുബന്ധിച്ച് കേരളത്തിലെ പത്ത് ആകാശവാണി നിലയങ്ങളിലൂടെ സംസ്ഥാന ബാലാവകാസംരക്ഷണ കമ്മീഷൻ രണ്ടു ദിവസങ്ങളിലായി ഡേ ബ്രാന്റിംഗ് നടത്തുകയും കുട്ടികൾക്കായി സന്ദേശങ്ങൾ നൽകുകയും ചെയ്തു.

**9.3 <u>വെബ്സൈറ്റ് & സോഷ്യൽ മീഡിയ</u>**

ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും കമ്മീഷന്റെ പ്രവർത്തനങ്ങൾ മലയാളികൾക്ക് മനസ്സിലാക്കാൻ കഴിയുന്ന തരത്തിലാണ് വെബ്സൈറ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കമ്മീഷന്റെ പത്രക്കുറിപ്പുകൾ, പരിപാടികളുടെ ചിത്രങ്ങൾ, സമീപ ഭാവിയിൽ നടത്തുന്ന പരിപാടികൾ, കമ്മീഷന്റെ പ്രസിദ്ധീകരണങ്ങൾ എന്നിവയും കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകളും യഥാസമയം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇംഗ്ലീഷിലും 2016 നവംബർ മുതൽ മലയാളത്തിലും വെബ്സൈറ്റ് പരിപാലിച്ചു വരുന്നു.

**9.4 <u>ബാല്യം ത്രൈമാസ വാർത്താപത്രിക</u>**

ബാലാവകാശമേഖലയിലെ വിവിധ വിഷയങ്ങളും കമ്മീഷന് ലഭിച്ച പരാതികളും അവയിൻമേൽ കമ്മീഷന്റെ തീരുമാനവും ഉൾപ്പെടുത്തി *ബാല്യം* എന്ന പേരിലുള്ള ന്യൂസ് ലെറ്റർ മൂന്നു മാസത്തിൽ ഒരിക്കൽ വീതം സ്ഥിരമായി പ്രസിദ്ധീകരിച്ചുവരുന്നു. കുട്ടികളുടെ പങ്കാളിത്തത്തോടെ കമ്മീഷൻ നടത്തുന്ന സംവാദം മുതലായ പരിപാടികളിൽ പങ്കെടുക്കുന്നവർക്കും കമ്മീഷൻ നടത്തുന്ന കൂടിയാലോചനാ യോഗങ്ങളിൽ പങ്കെടുക്കുന്നവർക്കും ന്യൂസ് ലെറ്റർ സൗജന്യമായി നൽകിവരുന്നു. കൂടാതെ, ബാലാവകാശസംരക്ഷണമേഖലയിൽ പ്രവർത്തിക്കുന്നവരും സ്കൂൾ അധികൃതരും കുട്ടികൾക്ക് വിതരണം ചെയ്യാനായി കമ്മീഷൻ ഓഫീസിൽനിന്ന് ബാല്യത്തിന്റെ കോപ്പികൾ ശേഖരിക്കാറുണ്ട്.

**9.5 <u>സംവാദം ബോധവത്കരണ ക്ലാസ്സുകളും</u>**
**<u>കൗൺസലർമാർക്കുള്ള ശില്പശാലയും</u>**

അവകാശങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിനും ചൂഷണങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുമായി സംവാദം ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. ഒൻപത്, പതിനൊന്ന് ക്ലാസ്സുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 80 കുട്ടികൾ വീതം പങ്കെടുത്ത സംവാദം കുട്ടികളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കാസർഗോഡ് എന്നിങ്ങനെ നാലു ജില്ലകളിൽ സംവാദം പരിപാടി സംഘടിപ്പിച്ചു.

അതിനു മുന്നോടിയായി അതത് ജില്ലകളിലെ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സ്കൂളുകളിലെയും ശിശുസംരക്ഷണ സ്ഥാപനങ്ങളിലെയും കുട്ടികളുടെ കൗൺസലർമാർക്കായി ശില്പശാലകൾ സംഘടിപ്പിക്കുകയും ചെയ്തു.

**9.6 ബാലാവകാശ വാരാഘോഷം**

കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2017 ലെ ബാലാവകാശ വാരം സമുചിതമായി ആഘോഷിക്കുകയുണ്ടായി. നവംബർ 14 മുതൽ 20 വരെ എല്ലാ ജില്ലകളിലും ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളുമായി ചേർന്ന് കുട്ടികൾക്കായും പൊതുജനാവബോധം വളർത്തുന്നതിനായും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. അന്തർദേശീയ ശിശുദിനവും കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച യു.എൻ. കൺവെൻഷനിൽ ഇന്ത്യ ഒപ്പു വച്ചതിന്റെ 25-ാം വാർഷികവും പ്രമാണിച്ച് നവംബർ 18-ന് രാവിലെ 7.00 മണിക്ക് കനകക്കുന്ന് കൊട്ടാരത്തിന്റെ മുൻവശത്തു നിന്ന് മാനവീയം വീഥി വരെ തിരുവനന്തപുരം നഗരത്തിലെ വിവിധ സ്കൂളുകളിലെ ഏകദേശം 400 കുട്ടികളെ പങ്കെടുപ്പിച്ച് 'Walk for Child Rights' എന്ന പേരിൽ കൂട്ടനടത്തം സംഘടിപ്പിക്കുകയുണ്ടായി. മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകിക്കൊണ്ടായിരുന്നു ഇത്തവണത്തെ അന്തർദേശീയ ശിശുദിന പരിപാടികൾ സംഘടിപ്പിച്ചത്. കൂടാതെ തപാൽ വകുപ്പിൽനിന്നും കമ്മീഷനു വേണ്ടി ഒരു സ്പെഷ്യൽ കവറും പുറത്തിറക്കുകയുണ്ടായി.

**9.7 മാധ്യമ ശില്പശാലകൾ**

ബാലാവകാശ ലംഘനങ്ങൾ, വിശേഷിച്ച് പോക്സോ നിയമവുമായി ബന്ധപ്പെട്ട വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നതിൽ മാധ്യമപ്രവർത്തകർ പുലർത്തേണ്ട അവധാനത സംബന്ധിച്ച് വിവരപൊതുജന സമ്പർക്ക വകുപ്പിന്റെ മേൽനോട്ടത്തിൽ വിവിധ ജില്ലകളിൽ ശില്പശാലകൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, തിരുവനന്തപുരം ജില്ല ഇൻഫർമേഷൻ ഓഫീസുകൾ കമ്മീഷനുമായി ബന്ധപ്പെട്ടാണ് മാധ്യമ ശിൽപ്പശാല സംഘടിപ്പിച്ചത്. മാധ്യമ പ്രവർത്തകർക്ക് ഏറെ പ്രയോജനകരമായ ശില്പശാലകളിൽ പ്രമുഖ മാധ്യമ പ്രവർത്തകരായ സി. ഗൗരീദാസൻ നായർ, ഡോ. സെബാസ്റ്റ്യൻ പോൾ, ജയചന്ദ്രൻ ഇലങ്കത്ത്, കമാൽ വരദൂർ, പി.ജെ. ജോഷ്വ തുടങ്ങിയവർ പങ്കെടുത്തു. ഇവരെ കൂടാതെ വയനാട്ടിൽ സൈബർ ഫോറൻസിക് വിദഗ്ദ്ധൻ ഡോ. പി. വിനോദ് ഭട്ടതിരിപ്പാട്, കോഴിക്കോട് എൻ. സുഭാഷ്ബാബു ഐ.പി.എസ്, തൊടുപുഴയിൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ജോമോൻ തുടങ്ങിയവരും പങ്കെടുത്തു. കമ്മീഷൻ ചെയർപേഴ്സനും അംഗങ്ങളും യോഗങ്ങളിൽ സംബന്ധിച്ചു. ശില്പശാലകളിൽ പ്രാദേശിക മാധ്യമ പ്രവർത്തകരെ പങ്കെടുപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധ പുലർത്തി.

### 9.8 ലഘുപുസ്തകങ്ങളും ബ്രോഷറും

ബാലാവകാശ സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ ബാലാവകാശ സംരക്ഷണ നിയമങ്ങൾ പ്രചരിപ്പിക്കേണ്ടത് ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നു. ഇതിനായി വിവിധ ബാലാവകാശ നിയമങ്ങളും ബന്ധപ്പെട്ട ചട്ടങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി സൗജന്യമായി ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കാൻ തീരുമാനിച്ചു. പോക്സോ നിയമത്തെക്കുറിച്ച് 'സുരക്ഷിതബാല്യം' എന്ന പേരിൽ കൈപ്പുസ്തകവും ലഘുലേഖയും, 'കുട്ടികളുടെ അവകാശങ്ങൾ' എന്ന പേരിൽ പോക്സോ ഉൾപ്പെടെ വിദ്യാഭ്യാസാവകാശ നിയമവും ബാലനീതി നിയമവും ചേർത്ത് കൈപ്പുസ്തകവും അച്ചടിച്ചു.

ഇതിനു പുറമെ ബാലാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങളും പരാതിക്കാർ കമ്മീഷനെ സമീപിക്കേണ്ട വിധവും ലളിതമായി പ്രതിപാദിക്കുന്ന ഒരു ബ്രോഷറും അച്ചടിച്ചു സൗജന്യമായി വിതരണം ചെയ്തുവരുന്നു.

### 9.9 റിപ്പോർട്ട്

പീരുമേട് തേയിലത്തോട്ടങ്ങൾ, പെരുമ്പാവൂരിലെ ഇതരസംസ്ഥാന തൊഴിലാളികൾ എന്നിവിടങ്ങളിലെ കുട്ടികളുടെ പ്രശ്നങ്ങൾ, വയനാട്ടിലെ ആദിവാസി ശൈശവ വിവാഹം, കുട്ടികളിലെ പ്രതിരോധമരുന്ന് കുത്തിവയ്പ്പ് തുടങ്ങി കമ്മീഷൻ ഇടപെട്ട മേഖലകളിലെ ഉത്തരവുകൾ ക്രോഡീകരിച്ച് 'ദുർബലവിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ സംരക്ഷണം' റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

## 10. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ

2005-ലെ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ കമ്മീഷനിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ കമ്മീഷന് ലഭിച്ച 99 അപേക്ഷകൾ സമയബന്ധിതമായി പരിഗണിക്കുകയും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

## 11. ബഡ്ജറ്റും ധനകാര്യവും

കമ്മീഷന്റെ 2017-18 വർഷത്തെ വരവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതവും ചെലവും | | | |
|---|---|---|---|
| നമ്പർ | വിഹിതം/ചെലവ് | ബഡ്ജറ്റ് വിഹിതം | ചെലവ് |
| (എ) | 2235-02-102-53 | | |
| | 01- ശമ്പളം | | |
| | 1. ശമ്പളം | 1,78,03,000 | 1,39,55,992 |
| | 2. ക്ഷാമബത്ത | 80,79,000 | 25,49,214 |
| | 3. വീട്ടുവാടക അലവൻസ് | 8,52,000 | 11,81,711 |
| | 4. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 2,75,000 | 5,877 |
| | 5. മറ്റു അലവൻസുകൾ | 2,01,000 | 88,203 |
| (ബി) | 02-വേതനം | | |
| | 4. നിശ്ചിത വേതനം | 2,40,000 | 4,80,000 |
| | 5. ദിവസവേതനം | 61,900 | 4,34,400 |
| (സി) | 04-യാത്രാ ചെലവുകൾ | | |
| | 1. യാത്രാ ബത്ത | 3,00,000 | 2,66,258 |
| | 2. സ്ഥലംമാറ്റ ബത്ത | 36,000 | 0 |
| | 3. അവധി യാത്രാനുകൂല്യം | 83,000 | 76,467 |
| (ഡി) | 05 - ഓഫീസ് ചെലവുകൾ | | |
| | 1. വെള്ളക്കരം | 1,30,000 | 5,547 |
| | 2. വൈദ്യുതി ചെലവ് | 5,50,000 | 2,28,405 |
| | 3. ടെലിഫോൺ ചെലവ് | 3,20,000 | 1,63,129 |
| | 4. മറ്റിനങ്ങൾ | 19,50,000 | 16,27,752 |
| (ഇ) | 06 - വാടക, കരം, നികുതി | 12,42,000 | 11,87,352 |
| | 2235-02-102-53-45 പി.ഒ.എൽ | 1,20,000 | 1,20,000 |
| | 2235-02-102-53-21 സംരക്ഷണവും അറ്റകുറ്റപ്പണികളും | 58,000 | 52,886 |
| (എഫ്) | 34 - മറ്റു ചെലവുകൾ | | |
| 97-വാഹനവാടക | | 3,00,000 | 3,38,645 |
| പ്ലാൻ ഫണ്ട് | ബഡ്ജറ്റ് അലോക്കേഷൻ | 1,25,00,000 | |
| | ആകെ ചെലവ് | 91,38,700 | |

ആകെ ബഡ്ജറ്റ് വിഹിതം - 3,41,80,000

അധിക തുക അനുവദിച്ചത് - 33,000

ആകെ തുക - 3,42,13,000

ആകെ ചെലവ് - 2,27,61,838

റിപ്പോർട്ട് കാലയളവിൽ കുട്ടികളുടെ ഉത്തമതാല്പര്യം മുൻനിർത്തി ബാലാവകാശ സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. തുടർവർഷത്തിലും കാര്യക്ഷമവും ശക്തവുമായ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസവും പ്രതീക്ഷയുമാണ് കമ്മീഷനുള്ളത്.

(ഒപ്പ്)
**ശ്രീല മേനോൻ. എൻ.**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**എം.പി. ആന്റണി**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**സി.ജെ. ആന്റണി**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**സി. ബിജി ജോസ് സി.എം.സി.**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**പി. സുരേഷ്**
**ചെയർപേഴ്സൺ**

# അനുബന്ധം- 1

## റിപ്പോർട്ട് കാലയളവിലെ (2017-18) കമ്മീഷൻ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും പേരുവിവരം

| | | |
|---|---|---|
| 1. | ശ്രീമതി. ശോഭാ കോശി | - ചെയർപേഴ്സൺ (05-03-2018 വരെ) |
| 2. | ശ്രീ. സി.ജെ. ആന്റണി | - ആക്റ്റിംഗ് ചെയർപേഴ്സൺ<br>(06-03-2018 മുതൽ) |
| 3. | ശ്രീ. റ്റി.ബി. സുരേഷ് | - അംഗം<br>(02-05-2017 മുതൽ 21-07-2017 വരെ) |
| 4. | ശ്രീമതി. ശ്രീല മേനോൻ എൻ. | - അംഗം<br>(02-05-2017 മുതൽ 21-07-2017 വരെ)<br>(18-08-2017 മുതൽ) |
| 5. | ശ്രീമതി. ശ്യാമളാദേവി പി.പി. | - അംഗം<br>(02-05-2017 മുതൽ 21-07-2017 വരെ) |
| 6. | ഡോ. എം.പി. ആന്റണി | - അംഗം<br>(02-05-2017 മുതൽ 21-07-2017 വരെ)<br>(18-08-2017 മുതൽ) |
| 7. | ശ്രീ. സി.ജെ. ആന്റണി | - അംഗം<br>(02-05-2017 മുതൽ 21-07-2017 വരെ)<br>(18-08-2017 മുതൽ) |
| 8. | സിസ്റ്റർ ബിജി ജോസ് സി.എം.സി. | - അംഗം<br>(02-05-2017 മുതൽ 21-07-2017 വരെ)<br>(18-08-2017 മുതൽ) |

# അനുബന്ധം - 2

## റിപ്പോർട്ട് കാലയളവിലെ (2017-18) കമ്മീഷൻ സെക്രട്ടറിയുടേയും മറ്റുഉദ്യോഗസ്ഥരുടേയും പേരുവിവരം

**കമ്മീഷന്റെ സെക്രട്ടറി**

**ശ്രീ. എൻ. ഹരി** (30-06-2017 വരെ)
**ശ്രീ. കെ.ആർ ബാലസുബ്രഹ്മണ്യം (രജിസ്ട്രാർ), സെക്രട്ടറി i/c**
(01-07-2017 മുതൽ 19-07-2017 വരെ)
**ശ്രീ. പി. രാജേന്ദ്രൻ (ഫിനാൻസ് ഓഫീസർ), സെക്രട്ടറി i/c**
(20-07-2017 മുതൽ 28-07-2017 വരെ)
**ശ്രീമതി അനിത ദാമോദരൻ** (29-07-2017 മുതൽ)

**കമ്മീഷന്റെ രജിസ്ട്രാർ**

**ശ്രീ. എസ്.എച്ച്. ജയകേശൻ** (30-05-2017 വരെ)
**ശ്രീ. കെ.ആർ. ബാലസുബ്രഹ്മണ്യം** (30-05-2017 മുതൽ 19-07-2017 വരെ)
**ശ്രീ. കെ.ആർ. പ്രസന്നൻ** (19-07-2017 മുതൽ)

**മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും**

1. ശ്രീ. എസ്.എച്ച്. ജയകേശൻ - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ i/c (01-04-2017 മുതൽ 10-04-2017 വരെ)
2. ശ്രീ. എൻ. ഹരി - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ i/c (11-04-2017 മുതൽ 16-05-2017 വരെ)
3. ശ്രീമതി കെ.എസ്. സുധ - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (17-05-2017 മുതൽ)
4. ശ്രീ. പി. രാജേന്ദ്രൻ - ഫിനാൻസ് ഓഫീസർ (31-07-2017 വരെ)
5. ശ്രീ. രാധാകൃഷ്ണൻ നായർ ഡി.- ഫിനാൻസ് ഓഫീസർ (01-01-2018 മുതൽ)
6. ശ്രീ.വി.പി. പ്രമോദ് കുമാർ - പി.ആർ.ഒ. (04-12-2017 വരെ)
7. ശ്രീ. ആർ. വേണുഗോപാൽ - പി.ആർ.ഒ. (04-12-2017 മുതൽ)
8. ശ്രീമതി സുജിതകുമാരി എസ്.എസ്.- സെക്ഷൻ ഓഫീസർ, ഭരണവിഭാഗം
9. ശ്രീ. ഹരികുമാർ. എ. - സെക്ഷൻ ഓഫീസർ, ജനറൽ (24-07-2017 വരെ)
10. ശ്രീമതി ലാലി കെ. - സെക്ഷൻ ഓഫീസർ, ജനറൽ (13-10-2017 മുതൽ)
11. ശ്രീമതി വിജയശ്രീ. എസ്. - കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-1 (29-04-2017 വരെ)
12. ശ്രീ. ആകാശ് രവി - കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-1 (05-05-2017 മുതൽ)
13. ശ്രീമതി ലാലി കെ. - കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-2 (07-06-2017 മുതൽ 13-10-2017 വരെ)

| | | |
|---|---|---|
| 14. | ശ്രീ. രഘുറാം ജി. | - കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-2 (13-10-2017 മുതൽ) |
| 15. | ശ്രീ. ജയ്നാഥ് റാംജി ആദിത്യ | - ലീഗൽ അസിസ്റ്റന്റ്-1 (22-02-2018 മുതൽ) |
| 16. | ശ്രീ. കിരൺശങ്കർ | - ലീഗൽ അസിസ്റ്റന്റ്-2 (05-12-2017 വരെ) |
| 17. | ശ്രീ. ശരത് എ.എസ്. | - ലീഗൽ അസിസ്റ്റന്റ്-2 (22-02-2018 മുതൽ) |
| 18. | ശ്രീ.വി.എസ്. വെങ്കിടേഷ് | - അക്കൗണ്ടന്റ് |
| 19. | ശ്രീ. ജി. അരുൺകുമാർ | - ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (സി1) |
| 20. | ശ്രീമതി നിഷ വൈ. | - ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (സി2) |
| 21. | ശ്രീ. എസ്.എൽ. വിജയകുമാർ | - ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (എ1) |
| 22. | ശ്രീ. പി. പത്മകുമാർ | - ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (എ2) |
| 23. | ശ്രീമതി ശ്രീലേഖ സി.കെ. | - ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (എ3) |
| 24. | ശ്രീ. ബിജു വി.ആർ. | - ഓഫീസ് അറ്റൻഡന്റ് |
| 25. | ശ്രീ. അജിത്ത് എസ്. | - ഓഫീസ് അറ്റൻഡന്റ് |
| 26. | ശ്രീ. രജീഷ് ജെ.ബി. | - ഓഫീസ് അറ്റൻഡന്റ് (22-06-2017 മുതൽ) |
| 27. | ശ്രീമതി. സൈഫുന്നിസ | - പാർട്ട്-ടൈം-സ്വീപ്പർ |

*****

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
റ്റി.സി.14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ,
തിരുവനന്തപുരം - 695 034 ഫോൺ: **0471 – 2326603,** ഫാക്സ്: **0471- 2326603**
ഇ-മെയിൽ: **childrights.cpcr@kerala.gov.in** വെബ്: **www.kescpcr.kerala.gov.in**
facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala